മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*271)

**സാങ്കേതിക വിദ്യാഭ്യാസ പഠന രംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം**

1 (*271) ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. ജോയി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവേഷണത്തിനും നൈപുണ്യ വികസനത്തിനും ഊന്നൽ നൽകി സാങ്കേതിക വിദ്യാഭ്യാസ പഠനരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എൽ.ബി.എസ്. സെന്ററുകൾക്ക് കീഴിൽ വനിതകൾക്ക് മാത്രമായി പോളിടെക്നിക്ക് അനുവദിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥിനികൾക്ക് ഗവേഷണത്തിനും നൈപുണ്യ വികസനത്തിനുമുള്ള സൗകര്യങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലഭ്യമാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം തുടർച്ചയായി വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ 44223 പെൺകുട്ടികൾ പഠിക്കുന്നുണ്ട്. പോളിടെക്നിക് കോളേജുകളിൽ 2023-24 വർഷം പ്രവേശനം നേടിയതിൽ 3991 പേർ പെൺകുട്ടികളാണ്. 2021-22-ൽ ഇത് 3066 ആയിരുന്നു. ഗവേഷണത്തിനും നൈപുണ്യ വികസനത്തിനും പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും വിദ്യാർത്ഥിനികളുടെ എൻറോൾമെന്റ് ഉയർത്തുന്നതിനും നൈപുണ്യ വികസനത്തിനും ഗവേഷണ അഭിരുചി വർദ്ധിപ്പിക്കുന്നതിനും employability skill പ്രദാനം ചെയ്ത് അവരെ തൊഴിൽ പ്രാപ്തരാക്കുന്നതും ലക്ഷ്യമിട്ട് Scheme

for her Empowerment in Engineering education (SHE) എന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. കൂടാതെ യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം, പെൺകുട്ടികൾക്ക് മാത്രമായി റോബോട്ടിക്സ് ലാബ്, ഫിനിഷിംഗ് സ്കൂൾ തുടങ്ങിയ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 7 സർക്കാർ വനിതാ പോളിടെക്നിക് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥിനികളുടെ നൈപുണ്യ വികസനം, തൊഴിൽ സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ഡിപ്ലോമാ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ മികവിന്റെ കേന്ദ്രങ്ങൾ, Industry-on-Campus, Technology Business Incubator, Mini Industrial Units തുടങ്ങിയ പ്രോഗ്രാമുകളിലെല്ലാം വിദ്യാർത്ഥിനികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ കീഴിൽ വനിതകൾക്ക് മാത്രമായി ഒരു എഞ്ചിനീയറിംഗ് കോളേജ് പൂജപ്പുരയിൽ പ്രവർത്തിച്ചുവരുന്നു. കോളേജിലെ എല്ലാ പ്രോഗ്രാമുകൾക്കും എൻ.ബി.എ.

അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. ടി കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് നിർമ്മിച്ച വീസാറ്റ് എന്ന സാറ്റലൈറ്റ് ജനവരി 1-ന് ശ്രീഹരിക്കോട്ടയിൽനിന്ന് ഐ.എസ്.ആർ.ഒ.-യുടെ പി.എസ്.എൽ.വി-58 മിഷനിൽ വിക്ഷേപിച്ചിട്ടുണ്ട്. പൂർണ്ണമായും വനിതകളുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന രാജ്യത്തെ ആദ്യ സാറ്റലൈറ്റ്, വിദ്യാർത്ഥികൾ നിർമ്മിക്കുന്ന കേരളത്തിലെ ആദ്യത്തെ സാറ്റലൈറ്റ് എന്നീ സവിശേഷതകൾ വീസാറ്റിനുണ്ട്. ഗവേഷണ മേഖലയിൽ അഞ്ച് പേറ്റന്റുകൾ കോളേജിലെ വനിതാ അധ്യാപകർ സ്വന്തമാക്കിയിട്ടുണ്ട്. വനിതകളുടെ നൈപുണ്യ വികസനത്തിനായി നിരവധി പദ്ധതികൾ പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജിൽ നടത്തിവരുന്നു.

ഗവേഷണ വിദ്യാർത്ഥികൾക്ക് വളരെ ഉപകാരപ്രദമാകുന്ന ഒരു അന്താരാഷ്ട്ര റിസർച്ച് ജേർണൽ ഐ.എച്ച്.ആർ.ഡി.-യിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർഥിനികൾക്ക് നൈപുണ്യ വികസനത്തിന് ഉതകുംവിധം ഐ.എച്ച്.ആർ.ഡി. ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്ക്, ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) എൽ.ബി.എസ്.-ന് കീഴിൽ പൂജപ്പുരയിൽ ഒരു വനിതാ പോളിടെക്നിക് കൂടി അനുവദിച്ചിട്ടുണ്ട്.

എൽ.ബി.എസ്.-ന് കീഴിൽ പൂജപ്പുരയിൽ പ്രവർത്തിച്ചുവരുന്ന എൽ.ബി.എസ്. വനിതാ എഞ്ചിനീയറിംഗ് കോളേജിൽ വനിതകൾക്ക് മാത്രമായി ഒരു പോളിടെക്നിക് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, സിവിൽ എന്നീ ഡിപ്ലോമ കോഴ്സുകളിലായി 60 വീതം സീറ്റുകളുണ്ട്. 2024-25 അധ്യയന വർഷത്തിൽ തന്നെ കോഴ്സുകൾ ആരംഭിക്കും. പ്രവേശന നടപടികൾ പുരോഗമിക്കുകയാണ്. നിലവിൽ 240 പേർക്ക് താമസിക്കാനുള്ള ഹോസ്റ്റൽ ക്യാമ്പസിൽ നിലവിലുണ്ട്. കൂടാതെ 6.75 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന അഡീഷണൽ ഹോസ്റ്റൽ ബ്ലോക്കിന്റെ രണ്ടുനിലകൾ പൂർത്തിയാകുകയും വിദ്യാർത്ഥികൾക്ക് താമസത്തിന് തുറന്നുകൊടുക്കുകയും ചെയ്തു. മുഴുവൻ കെട്ടിട നിർമ്മാണവും (4 നിലകൾ) 2025 ഫെബ്രുവരി മാസത്തോടെ പൂർത്തിയാകും.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, പെൺകുട്ടികൾക്ക് പറക്കാൻ ചിറകുകൾക്ക് അതിരുകളില്ലാത്ത കാലമാണിതെന്ന് അറിയുമ്പോൾ അതിയായ

സന്തോഷമുണ്ട്. ഏകദേശം അരലക്ഷത്തോളം പെൺകുട്ടികൾ സാങ്കേതിക വിദ്യാഭ്യാസരംഗത്തുണ്ടെന്നുള്ള ബഹുമാന്യയായ മന്ത്രിയുടെ മറുപടി അങ്ങേയറ്റം സന്തോഷത്തോടെ കാണുന്നു. അത് അഭിമാനകരമായ കാര്യമാണ്. പുതുതലമുറ തൊഴിലുകൾക്കായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി സമഗ്ര നൈപുണ്യ വികസനം ലക്ഷ്യമിട്ട് എന്തൊക്കെ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, പുതുതലമുറ കോഴ്സുകൾ നടപ്പാക്കികൊണ്ട് പുതുജനറേഷൻ തൊഴിലവസരങ്ങളിലേയ്ക്ക്, വൈജ്ഞാനിക തൊഴിലുകളിലേയ്ക്ക് വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിന് ധാരാളം പദ്ധതികൾ ഇന്ന് സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം. നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് അത് സാക്ഷാത്കരിക്കുന്നതിനുവേണ്ട മെന്ററിംഗും ഗൈഡൻസും സാമ്പത്തിക സഹായവുമെല്ലാം യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിലൂടെ നൽകുന്നുണ്ട്. മറ്റൊരു പദ്ധതിയായ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി ക്യാമ്പസുകളിൽത്തന്നെ ഇൻഡസ്ട്രീസുമായിട്ടുള്ള അക്കാദമിക് ഇൻഡസ്ട്രി

ഇന്റർഫേസ് ശക്തിപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രൊഡക്ഷൻ യൂണിറ്റുകൾ ഉൾപ്പെടെ ക്യാമ്പസിനകത്ത് സംവിധാനം ചെയ്തുകൊണ്ടാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി മുന്നോട്ടുപോകുന്നത്. 'Connect Carrier to Campus' എന്ന പദ്ധതിയുടെ ഭാഗമായി വൈജ്ഞാനിക തൊഴിലുകളിൽ പരിശീലനം നൽകുകയും സ്കിൽ എൻഹാൻസ്മെന്റ് പദ്ധതികൾ കൂടുതലായി നടപ്പാക്കുകയും പുതുതലമുറയിലെ തൊഴിലവസരങ്ങളെക്കുറിച്ചുള്ള നല്ല ധാരണ വിദ്യാർത്ഥികൾക്ക് ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയുമെല്ലാം ചെയ്തുവരുന്നുണ്ട്. ഹയർ എഡ്യുക്കേഷൻ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരള ഇന്ന് ഏറ്റവും മികച്ച സ്കിൽ എൻഹാൻസ്മെന്റ് ഏജൻസിയായി മാറിയിട്ടുണ്ട്. പുത്തൻ വൈജ്ഞാനിക മേഖലകളിലും ഐ.ടി., റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫാർമാകോവിജിലൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ മേഖലകളിലുമൊക്കെ അസാപ് സ്കിൽ ട്രെയിനിംഗ് നൽകിവരുന്നുണ്ട്. പാഠ്യപദ്ധതിയിൽ തൊഴിൽ നൈപുണ്യം നിർബന്ധിത ഏരിയയായി ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കിൽ കോഴ്സുകൾക്ക്

ക്രെഡിറ്റ് നൽകുന്നതിനുള്ള സമീപനം തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ് നികത്തുന്നതിന് സഹായകരമാകുമെന്ന് കരുതുന്നു. Kerala Knowledge Economy Mission (KKEM)-ഉം ഈ ദിശയിൽ ധാരാളം പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഡോ. ആർ. ബിന്ദു: സർ, എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി റിസർച്ച് പാർക്കുകൾ ആരംഭിക്കുകയാണ്. ഇപ്പോൾ കെ.ടി.യു.-വിന് ക്യാമ്പസ് കണ്ടെത്തിയ പ്രദേശത്തിനോടുചേർന്ന് തിരുവനന്തപുരത്തുതന്നെ ട്രസ്റ്റ് പാർക്ക് ഏറ്റവും മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. മറ്റ് രണ്ട് റിസർച്ച് പാർക്കുകൾകൂടി ഈ സർക്കാരിന്റെ കാലത്തുതന്നെ സംസ്ഥാനത്ത് ആരംഭിക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. അതുപോലെ, പുതുതായി ഐ.പി.ആർ. സെന്ററും സ്റ്റാർട്ടപ്പ് സെല്ലും കെ.ടി.യു.-യിൽ രൂപീകൃതമായിട്ടുണ്ട്.

ഈ ഐ.പി.ആർ. സെല്ലിന്റെ ആഭിമുഖ്യത്തിൽ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സിനെ സംബന്ധിച്ച വ്യക്തമായ ധാരണയും അതുസംബന്ധിച്ച ഗൈഡൻസും അധ്യാപകർക്കും ഗവേഷകർക്കും നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ QIP (Quality Improvement Programme)-കളിലൂടെ കൂടുതൽ ഗുണാത്മകമായിട്ടുള്ള വർദ്ധനവ് ഗവേഷകമേഖലയിൽ ഉണ്ടാക്കണമെന്ന നിലയിലുള്ള ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിച്ചിട്ടുണ്ട്. Indian Institutes of Management (IIM), Indian Institutes of Technology (IIT) എന്നീ സ്ഥാപനങ്ങളുമായി കൈകോർത്തുപിടിച്ചുകൊണ്ട് കൂടുതൽ ഗവേഷണാത്മക പ്രവർത്തനങ്ങളിലേയ്ക്ക് പോകുന്നതിനുള്ള ജോയിന്റ് വെഞ്ച്വർ പ്രോഗ്രാമുകളും ആസൂത്രണം ചെയ്തുവരികയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, ഉന്നതവിദ്യാഭ്യാസ മേഖലകളിൽ ധാരാളം ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഗവേഷണരംഗത്ത് നേട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കാൻ സർക്കാർതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഒരു വൈജ്ഞാനിക സമ്പദ്ഘടന കെട്ടിപ്പടുത്തുകൊണ്ട് നാടിനുചേർന്ന സാങ്കേതികവിദ്യ വികസിപ്പിക്കാനും നമ്മുടെ നാടിന്റെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ആ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുള്ള ഉൽപ്പന്നങ്ങളും പ്രക്രിയകളും സേവനങ്ങളുമെല്ലാം വികസിപ്പിക്കാനും വിദ്യാർത്ഥികളെയും അധ്യാപകരെയും സജ്ജരാക്കുന്ന തരത്തിലുള്ള ട്രാൻസ്ലേഷണൽ റിസർച്ചിന് വലിയ പ്രാധാന്യമാണ് ഈ സർക്കാരിന്റെ കാലത്ത് നൽകുന്നത്. അതിന്റെ ഭാഗമായി എല്ലാ സർവ്വകലാശാലകളിലും ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കുന്നതിന് 25 കോടി രൂപവരുന്ന പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. മനുഷ്യജീവിതത്തിന് ആവശ്യമായിട്ടുള്ള പ്രോഡക്ട്സ് ഉൽപ്പാദിപ്പിക്കാൻ നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് അഞ്ചുലക്ഷം രൂപ മുതൽ 25 ലക്ഷം രൂപവരെ യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിലൂടെ നൽകുന്നുണ്ട്. 'Kerala network for research support in Higher Education' എന്ന മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ

നേതൃത്വത്തിലായിരിക്കും 'Kerala network for research support in Higher Education' സ്ഥാപിക്കുന്നത്. 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഈ സർക്കാരിന്റെ കാലത്ത് നല്കുമെന്നത് പ്രഖ്യാപിതമായിട്ടുള്ള കാര്യമാണ്. ഇപ്പോൾ ആ പദ്ധതിയുടെ ഭാഗമായി 148 യുവഗവേഷകർ കേരളത്തിന്റെ വിവിധ പ്രശ്നങ്ങളെ ആധാരമാക്കിയിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ആരോഗ്യം, കൃഷി, വ്യവസായം ഇത്യാദി അടിസ്ഥാന മേഖലകളിലൊക്കെ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന നിർദ്ദേശങ്ങൾ അവരുടെ ഗവേഷണത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞുവരുമെന്ന് പ്രതീക്ഷിക്കുകയാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, വിമെൻ എംപവർമെന്റ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ സുപ്രധാനമായ പോളിസിയാണ്. 2017-ൽ വനിതകൾക്കായി പ്രത്യേക ഡിപ്പാർട്ട്മെന്റ് നിലവിൽവന്നത് വളരെ ശ്ലാഘനീയമാണ്. ജെൻഡർ ബഡ്ജറ്റിംഗ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകമായ പ്രോത്സാഹനം പ്രത്യേക

ഡിപ്പാർട്ട്മെന്റുകൾ സ്ഥാപിച്ചുകൊണ്ട് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് വിദ്യാർത്ഥി സമൂഹത്തിനിടയിൽ ഈ പ്രോത്സാഹനം നൽകുന്നതിനോടൊപ്പംതന്നെ ജെൻഡർ ന്യൂട്രാലിറ്റി എന്ന ആശയം ഫലപ്രദമായി പ്രോത്സാഹിപ്പിക്കേണ്ടതില്ലേ; അതിന് ആവശ്യമായിട്ടുള്ള എന്തെല്ലാം നടപടികളാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, രണ്ടുവർഷം മുമ്പ് സമഭാവനയുടെ സർവ്വകലാശാലകൾ എന്ന പേരിൽ ഒരു പദ്ധതി ഡി.സി.ഇ.-യുടെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ജെൻഡർ ജസ്റ്റിസ് ക്ലബ്ബുകൾ കലാലയങ്ങളിൽ സ്ഥാപിക്കണമെന്ന നിർദ്ദേശം നൽകുകയും അവയ്ക്ക് ഉപയുക്തമാക്കാവുന്ന രീതിയിലുള്ള ഒരു കൈപ്പുസ്തകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കലാലയങ്ങളിലും ജെൻഡർ ജസ്റ്റിസ് ഫോറങ്ങളും വിമെൻ സെല്ലുകളും ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അതുപോലെ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കുന്നുണ്ട്. ജെൻഡർ ന്യൂട്രാലിറ്റിയുമായി ബന്ധപ്പെട്ട് യൂണിഫോമുള്ള

ഇടങ്ങളിൽ, പ്രത്യേകിച്ച് ഐ.എച്ച്.ആർ.ഡി. അതിന് തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾ ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ മഹാരാജാസ് കോളേജിൽ ജെൻഡർ ന്യൂട്രൽ ടോയ്ലറ്റ് സംവിധാനം ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഇന്ന് കേരളത്തിലെ പൊതുസമൂഹത്തിൽ ഡിബേറ്റുകൾ നടന്നുവരികയാണ്. പൊതുവേ പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമൊക്കെ അനുകൂലമായ നിലയിൽ സമഭാവനയുടേതായ ജെൻഡർ ജസ്റ്റിസ് ഉറപ്പുകൊടുക്കുന്ന ഒരു അന്തരീക്ഷം കലാലയങ്ങളിൽ ഉണ്ടാകുന്നതിനുവേണ്ട പ്രോത്സാഹനങ്ങളും പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്.

ശ്രീ. എം. വിജിൻ: സർ, എഞ്ചിനീയറിംഗ് കോളേജുകളിൽ ന്യൂ ജനറേഷൻ പ്രോഗ്രാമുകളും നൈപുണ്യ വികസനവും സംരംഭകത്വവും ഉൾക്കൊള്ളുന്ന വിധത്തിൽ പാഠ്യപദ്ധതികൾ പരിഷ്കരിക്കേണ്ടത് അനിവാര്യമായിവരികയാണ്. അതിനെക്കുറിച്ച് സർക്കാർ ആലോചന നടത്തുന്നുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, എഞ്ചിനീയറിംഗ് കോളേജുകളിലെ പാഠ്യപദ്ധതി പരിഷ്കരണം പൂർത്തീകരിക്കുകയും അത് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ experiential learning-ന് പ്രാധാന്യം നൽകിക്കൊണ്ടാണ് കരിക്കുലം പുതുക്കിയിട്ടുള്ളത്. അവർക്ക് കൂടുതൽ കാര്യങ്ങൾ ചെയ്തു പഠിക്കാൻ അവസരം ലഭിക്കുന്ന വിധത്തിലും ഇന്നൊവേറ്റീവായിട്ടുള്ള ആശയങ്ങൾ സർഗാത്മകമായി സാക്ഷാത്കരിക്കുന്ന വിധത്തിലുമാണ് കരിക്കുലത്തിന്റെ ഫ്രെയിം വർക്ക് പുതുക്കി പണിതിരിക്കുന്നത്. ഗവേഷണാത്മകതയും തൊഴിൽ അന്വേഷകരെ സഹായിക്കാൻ കഴിയുന്ന, തൊഴിൽ സംരംഭകത്വ താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുമൊക്കെയാണ് കരിക്കുലം പരിഷ്കരിച്ചിട്ടുള്ളത്. സംരംഭങ്ങൾ വ്യാപകമായി ആരംഭിക്കുന്നതിന് ക്യാമ്പസ് തലത്തിൽത്തന്നെ വലിയ പ്രോത്സാഹനം നൽകുന്ന നിലപാടാണ് നാം സ്വീകരിക്കുന്നത്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുകയാണ്. അതുമായി ബന്ധിപ്പിക്കാവുന്ന വിധത്തിലും ഇൻഡസ്ട്രി-അക്കാദമി ബന്ധം

ശക്തിപ്പെടുത്തിക്കൊണ്ട് പോകാവുന്ന വിധത്തിലുമാണ് കരിക്കുലം പരിഷ്കരണം ഏറ്റെടുത്തിട്ടുള്ളത്. എഞ്ചിനീയറിംഗ് മേഖലയിലെ ഗവേഷണപരമായ പ്രവർത്തനങ്ങളുടെ അപര്യാപ്തത നികത്തുന്ന തരത്തിലുള്ള ഒട്ടേറെ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കരിക്കുലത്തിലും അത് ഉൾപ്പെടുത്തുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റുകൾക്ക് 3.19 കോടി രൂപയുടെ നബാർഡ് ഫണ്ടാണ് അനുവദിച്ചത്. അതിന്റെ പ്രവൃത്തി കഴിഞ്ഞ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉത്ഘാടനം ചെയ്തുവെങ്കിലും അത് ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഡോ. ആർ. ബിന്ദു: സർ, അതൊരു സ്പെസിഫിക് കേസാണ്. പരിശോധിച്ച് മറുപടി പറയാം.

ശ്രീ. സജീവ് ജോസഫ്: സർ, പോളിടെക്നിക് കോളേജുകളിൽ പെൺകുട്ടികൾ കൂടുതൽ താൽപ്പര്യം കാണിക്കുന്ന കൊമേഴ്സ്, കംപ്യൂട്ടർ സ്കീമുകളിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കേണ്ടതായിട്ടുണ്ട്. അസാപ് ചില

സ്ഥലങ്ങളിൽ നിർത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ കോഴ്സുകൾക്ക് ഫീസ് കൂടുതലായതുകൊണ്ട് ആകർഷകമല്ലാതായി മാറുന്നു. അത്തരത്തിൽ ഒരു പുന:പരിശോധന ആവശ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷം നടുവിൽ പോളിടെക്നിക് ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തത് ഞാൻ നന്ദിയോടെ ഓർക്കുകയാണ്. ആ കോളേജ് വളരെ സുഗമമായി മുന്നോട്ടുപോകുകയാണ്. രണ്ടാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ കൂടുതൽ ലാബ് സൗകര്യം അവിടെ ആവശ്യമായി വരുന്നുണ്ട്. അക്കാര്യത്തിൽ കൂടുതൽ എക്വിപ്മെന്റ്സ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും അധ്യാപക തസ്തികകളും മറ്റ് അനുബന്ധ സൗകര്യങ്ങളും നൽകിക്കൊണ്ടാണ് നടുവിൽ പോളിടെക്നിക് ഉദ്ഘാടനം ചെയ്തിട്ടുള്ളത്. ഇവിടെ ചൂണ്ടികാണിച്ച കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. അസാപ് പൊതുവിൽ എല്ലാ സ്ഥാപനങ്ങളിലും സേവനം നൽകണമെന്ന രീതിയാണ് നിഷ്കർഷിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം പരിശോധിക്കാം.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കെട്ടിട നിർമ്മാണത്തിലെ അപാകതമൂലം ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനിറ്റോറിയം ചോർന്നൊലിക്കുകയാണ്. കഴിഞ്ഞ 4 വർഷമായി 7 കോടി രൂപ വരുന്ന പ്ലാനിറ്റോറിയത്തിലെ ഉപകരണങ്ങൾ പൊടിപിടിച്ചിരിക്കുകയാണ്. നൂറുകണക്കിന് പെൺകുട്ടികൾ അടക്കമുള്ള കുട്ടികൾക്ക് ഉപകാരമാകേണ്ട ഈ മേഖലാ ശാസ്ത്ര കേന്ദ്രം എന്ന് പൂർത്തീകരിക്കാൻ സാധിക്കും?

ഡോ. ആർ. ബിന്ദു: സർ, ഈ മൂന്നുവർഷ കാലത്തിനിടയ്ക്ക് ആ പ്ലാനിറ്റോറിയത്തിലെ പല ഗാലറികളും പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. അവിടെയുള്ള ഒരു കെട്ടിടത്തിനാണ് നിർമ്മാണത്തിൽ ചെറിയ അപാകത വന്നിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട ഉപകരണങ്ങളാണ് അതിനകത്ത് സജ്ജീകരിക്കാനുള്ളത് എന്നതുകൊണ്ട് തീർച്ചയായും അപാകത പരിഹരിച്ചതിനുശേഷം മാത്രമേ ആ യന്ത്രങ്ങൾ അവിടെ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. അതുമായി ബന്ധപ്പെട്ട് പല തലങ്ങളിൽ ചർച്ച നടത്തുകയും അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എഞ്ചിനീയറിംഗ് എക്സ്പേർട്ട്സിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടുതവണ

വിവിധ എക്സ്പേർട്ട് കമ്മിറ്റികൾ നിർദ്ദേശിച്ച പ്രവൃത്തികൾ അവിടെ നടത്തിയിട്ടും അത് പരിഹരിക്കാനായിട്ടില്ല എന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. എത്രയും പെട്ടെന്ന് അത് പരിഹരിച്ച് യന്ത്രങ്ങൾ അവിടെ ഇൻസ്റ്റാൾ ചെയ്ത് പ്ലാനിറ്റോറിയം തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ആറ് മാസത്തിനുള്ളിൽ അത് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഷൊർണ്ണൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ധാരാളം പശ്ചാത്തല സൗകര്യങ്ങളുണ്ട്. അവിടെ രണ്ട് ബാച്ചുകൾ മാത്രമാണുള്ളത്. ഈ സൗകര്യം പ്രയോജനപ്പെടുത്താൻ അധിക ബാച്ചുകൾ അനുവദിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കൂടുതൽ ബാച്ചുകൾ അനുവദിക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കുമ്പോൾ ആദ്യം പരിഗണിക്കാം.

ശ്രീ. നജീബ് കാന്തപുരം: സർ, പെരിന്തൽമണ്ണ വനിതാ പോളിടെക്നിക്കിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വലിയ ബുദ്ധിമുട്ടിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ സ്ഥലമുള്ള പി.ടി.എം. ഗവൺമെന്റ് കോളേജ് പെരിന്തൽമണ്ണയിലാണുള്ളത്. അതിന് 25

ഏക്കർ സ്ഥലവും പുതിയ കെട്ടിടങ്ങളുമുണ്ട്. വനിതാ പോളിടെക്നിക് പി.ടി.എം. കോളേജിന്റെ ക്യാമ്പസിലേയ്ക്ക് കൊണ്ടുവരികയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിൽ ശ്രദ്ധ പതിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അതിന്റെ സാധ്യത പരിശോധിക്കാം.

**സർവ്വകലാശാലകൾക്ക് മികവിന്റെ പുരസ്കാരങ്ങൾ**

2 (*272) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകൾക്കാണ് വിവിധ മികവുകളുടെ അടിസ്ഥാനത്തിൽ പുരസ്കാരങ്ങൾ ലഭ്യമായതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും 2016 മുതൽ നാളിതുവരെ എത്ര എണ്ണം പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും കോഴ്സുകളുടെ നടത്തിപ്പ് സംബന്ധിച്ചും വിശദീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) ഈ സർക്കാർ വന്നതിനുശേഷം വിവിധ മികവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ ദേശീയ റാങ്കിംഗിലും അക്രഡിറ്റേഷനിലും മികച്ച സ്ഥാനങ്ങൾ നേടിയിട്ടുണ്ട്. പ്രസ്തുത വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

കേരള സർവ്വകലാശാല -24, മഹാത്മഗാന്ധി സർവ്വകലാശാല -31, കൊച്ചിൻ യുണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി -37, കാലിക്കറ്റ് സർവ്വകലാശാല -70 എന്ന രീതിയിലാണ് NIRF 2023-ലെ റാങ്ക് നിലകൾ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇത് ഇന്നലെ പറഞ്ഞതാണ്. ഉത്തരം മേശപ്പുറത്തുവയ്ക്കാവുന്നതാണ്. എന്നാൽ കുറച്ച് അംഗങ്ങൾക്ക് ചോദ്യം ചോദിക്കാൻ സാധിക്കും.

ഡോ. ആർ. ബിന്ദു: അതുപോലെ ദേശീയവും അന്തർദ്ദേശീയവുമായ ഒട്ടനവധി പുരസ്കാരങ്ങൾ നമ്മുടെ സർവ്വകലാശാലകൾക്ക് ലഭിച്ചിട്ടുണ്ട്. മറുപടി മേശപ്പുറത്തുവയ്ക്കുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ വിവരം ചുവടെ കൊടുക്കുന്നു :

1. കേരള സർവ്വകലാശാല
2. എം.ജി. സർവ്വകലാശാല
3. കാലിക്കറ്റ് സർവ്വകലാശാല
4. കണ്ണൂർ സർവ്വകലാശാല
5. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല
6. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
7. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല
8. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)

9. എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല
10. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല
11. കേരള കാർഷിക സർവ്വകലാശാല
12. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല
13. കേരള മത്സ്യബന്ധന-സമുദ്രപഠന സർവ്വകലാശാല
14. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ്- സർവ്വകലാശാല
15. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല
16. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആൻഡ് ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള)

2016 ന് ശേഷം നിലവിൽ വന്ന സർവ്വകലാശാലകൾ

1. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല (2020)
2. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആൻഡ് ടെക്നോളജി (2020)

(സി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ 28 പ്രോഗ്രാമുകളാണ് (6 നാലു വർഷ ഹോണേഴ്സ് + 10 ബിരുദം + 12 ബിരുദാനന്തരബിരുദം എന്നിവ) യു.ജി.സി. അംഗീകാരത്തോടെ നടത്തി വരുന്നത്. പ്രസ്തുത 28 പ്രോഗ്രാമുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗവേഷണ സൗകര്യങ്ങൾ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡോ. ആർ. ബിന്ദു: സർ, നേരത്തെ ഒരു ചോദ്യത്തിന് മറുപടിയായി ഇത് ഞാൻ പറഞ്ഞിട്ടുണ്ട്. Kerala network for research supporting in higher education എന്ന പ്രത്യേക സംവിധാനം വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റ് അംഗീകരിക്കുകയും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിലായിരിക്കും അത് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലും നടക്കുന്ന ഗവേഷണ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗവേഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഈ സംവിധാനത്തെ പ്രയോജനപ്പെടുത്താൻ സാധിക്കും. നാലുവർഷ ബിരുദം ആരംഭിക്കുമ്പോൾ അതിൽ ഗവേഷണ കുതുകികളായ വിദ്യാർത്ഥികൾക്ക് പ്രത്യേക അവസരം നൽകുന്ന വിധത്തിലുള്ള കാര്യങ്ങളും

ഉൾച്ചേർത്തിട്ടുണ്ട്. അതുപോലെ എല്ലാ സർവ്വകലാശാലകളിലും ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ലാബ് കോംപ്ലക്സുകളെല്ലാം മികച്ച നിലവാരമുള്ളതായി മാറിയിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിലും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലുമുള്ള സെൻട്രലൈസ്ഡ് ലാബ് ഫെസിലിറ്റീസ് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച സൗകര്യങ്ങളുള്ള ലബോറട്ടറി കോംപ്ലക്സുകളായി മാറിയിട്ടുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഇ-ജേർണൽ കൺസോർഷ്യം പ്രവർത്തിക്കുന്നുണ്ട്. ഗവേഷകർക്കും അധ്യാപകർക്കുമെല്ലാം അന്തർദ്ദേശീയ ജേർണലുകൾ പ്രാപ്യമാക്കാവുന്ന വിധത്തിലാണ് അത് പ്രവർത്തിക്കുന്നത്. അങ്ങനെ ഒട്ടനവധി നടപടികൾ ഗവേഷണ മേഖലയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്നുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഏറ്റവും മികച്ച ഗവേഷകർക്കുള്ള അവാർഡുകൾ നൽകിവരുന്നുണ്ട്. അത് പല ക്രൈറ്റീരിയ അനുസരിച്ച് തന്നെ നൽകുന്നുണ്ട്. ആജീവനാന്ത സംഭാവന നൽകിയവർക്ക്

മുതൽ യുവ ഗവേഷകർക്കുവരെ ഇത്തരത്തിൽ ലക്ഷക്കണക്കിന് രൂപയുടെ പുരസ്കാരങ്ങൾ നൽകിവരുന്നുണ്ട്. ഏറ്റവും ഉയർന്ന ഫെല്ലോഷിപ്പ് തുക നൽകുന്ന നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകളുടെ കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നു. ഇതെല്ലാം ഗവേഷണ മേഖലയിൽ വലിയ പ്രോത്സാഹനം നൽകിവരുന്ന പദ്ധതികളാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ബിരുദ തലത്തിലെ കരിക്കുലം പരിഷ്കാരങ്ങളുടെ തുടർച്ചയായി ബിരുദാനന്തരബിരുദ കരിക്കുലം പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ബിരുദാനന്തരബിരുദ കരിക്കുലം പരിഷ്കരണങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എത്രയുംവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. ഇപ്പോൾ 4 വർഷ ബിരുദ കോഴ്സിന്റെ ഭാഗമായി 3 വർഷ ബിരുദം പൂർത്തീകരിക്കുന്ന വിദ്യാർഥികൾക്ക് 2 വർഷ പി.ജി.-യും 4 വർഷ ഓണേഴ്സ് ബിരുദം പൂർത്തീകരിക്കുന്നവർക്ക് ഒന്നാം വർഷ പി.ജി.-ക്കുശേഷം രണ്ടാം വർഷ പി.ജി.-യിലേക്ക് ലാറ്ററൽ എൻട്രിയെന്ന നിലയിൽ പ്രവേശനം നൽകാവുന്ന വിധത്തിലുള്ള കാര്യങ്ങൾ

പരിഗണിക്കുന്നുണ്ട്. അപ്പോൾ വിദ്യാഥികൾക്ക് അക്കാദമിക വർഷം നഷ്ടമാകുകയില്ല. ഓണേഴ്സ് വിത്ത് റിസർച്ച് നടത്തുന്ന വിദ്യാർഥികൾക്ക് നേരിട്ട് ഗവേഷണത്തിലേക്ക് പോകാനുള്ള സൗകര്യവുമുണ്ട്. യു.ജി. കരിക്കുലം ഫ്രെയിംവർക്ക് ഡെവലപ് ചെയ്ത അതേ മാതൃകയിൽത്തന്നെ പി.ജി. കരിക്കുലത്തിന്റെ പരിഷ്കരണവും മുന്നോട്ടുകൊണ്ടുപോകുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, വിദ്യാർഥികൾക്ക് സർവ്വകലാശാലകൾക്കിടയിലും സ്ഥാപനങ്ങൾക്കിടയിലും മാറ്റം സാധ്യമാകുന്ന സാഹചര്യത്തിൽ വ്യത്യസ്ത സമയത്ത് കോഴ്സുകളും പരീക്ഷകളും നടത്തുന്നത് തടസ്സമാകില്ലേ; ഇതിന് പരിഹാരമായി എന്ത് നടപടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, 2024-25 വർഷത്തേക്കുള്ള അക്കാദമിക് കലണ്ടർ ഏകീകൃതമായ നിലയിൽ തയ്യാറായിക്കഴിഞ്ഞുവെന്ന് സന്തോഷപൂർവ്വം സഭയെ അറിയിക്കുകയാണ്. വിവിധ സർവ്വകലാശാലകളിലെ രജിസ്ട്രാർമാർ അംഗങ്ങളായുള്ള സമിതിയാണ് വളരെ സമയബന്ധിതമായി ഈ അക്കാദമിക് കലണ്ടർ തയ്യാറാക്കി നൽകിയിട്ടുള്ളത്. അക്കാദമിക

പ്രവർത്തനങ്ങൾ മാത്രമല്ല പാഠ്യേതര പ്രവർത്തനങ്ങളും ഏകോപിപ്പിക്കാൻ കഴിയുന്ന രീതിയിലാണ് കലണ്ടർ തയ്യാറാക്കിയുള്ളത്. അഡ്മിഷൻ, പരീക്ഷകൾ, ഇലക്ഷൻ, യൂത്ത് ഫെസ്റ്റിവലുകൾ, കായികമേളകൾ ഇവയെല്ലാം സമയബന്ധിതമായും ഏകോപിതമായ നിലയിലും നടത്താവുന്ന വിധത്തിലാണ് കലണ്ടർ തയ്യാറാക്കിയുള്ളത്. തീർച്ചയായും വിദ്യാർഥികൾക്ക് യാതൊരുവിധത്തിലുള്ള പ്രയാസങ്ങളും ഉണ്ടാകുകയില്ലെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, ഒരു ക്ലാസ് മുറിയിൽ 40 മുതൽ 50 വരെയുള്ള കുട്ടികൾ എന്ന നിലയിൽനിന്നും മാറി പുതിയ നൂതനമായ പ്ലാറ്റ്ഫോമിലൂടെ ആയിരക്കണക്കിന് കുട്ടികളിലൂടെ ഒരേസമയം അധ്യയനം നടത്താൻ കഴിയുന്ന നിലയിൽ വളർന്നിരിക്കുന്ന ഒരു കാലമാണിത്. ശാസ്ത്രവളർച്ചയുടെ ഇക്കാലത്ത് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഓൺലൈൻ കോഴ്സുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഓൺലൈൻ ലേണിംഗ് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായ ഒന്നാണ്. ബ്ലെൻഡഡ് മോഡിലും ഓൺലൈൻ മോഡിലുമുള്ള അധ്യയനം വിവരവിസ്ഫോടനത്തിന്റെ യുഗത്തിൽ നമുക്ക് ഒഴിവാക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ടുതന്നെ Centre for e-learning and e-content development എന്ന ഒരു പ്രത്യേക കേന്ദ്രം ആരംഭിക്കുകയാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അധ്യാപകരുടെ ലക്ചേഴ്സ് ഉൾപ്പെടുത്തുന്ന തരത്തിലുള്ള ഓൺലൈൻ കോഴ്സുകളാണ് ഈ repository-യിലുണ്ടായിരിക്കുന്നത്. Centre for e-learning and e-content development നിലവിൽ വരുന്നതോടുകൂടി കേരളത്തിന്റെ തനതായുള്ള ഇ-കോഴ്സുകളുടെ ഒരു repository ആയിരിക്കും ഡെവലപ് ചെയ്യാൻ സാധിക്കുന്നത്. ഇപ്പോൾത്തന്നെ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് അത്തരമൊരു കേന്ദ്രമുണ്ട്. അതിനെ കൂടുതൽ വിപുലീകരിക്കുന്നതിനാണ് ശ്രമിക്കുന്നത്. ഈ സെന്ററുകൾവഴി നടത്തുന്ന ഓൺലൈൻ കോഴ്സുകൾക്ക് സർവ്വകലാശാലകളുടെ സഹകരണത്തോടെ ക്രെഡിറ്റ് ലഭ്യമാക്കും. അതുപോലെ MOOC (Massive Open Online Courses) കോഴ്സുകൾ ഇപ്പോൾ കുട്ടികൾക്ക് ലഭ്യമാകുന്നവ

സ്വീകരിക്കാൻ സാധിക്കും. അവയ്ക്കെല്ലാം ക്രെഡിറ്റ് നൽകുന്ന നടപടികളാണ് എടുത്തിട്ടുള്ളത്.

ശ്രീ. എം. മുകേഷ്: സർ, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള മതിയായ അവസരം ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് വലിയ പ്രാധാന്യമാണ് പുതിയ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി നൽകുന്നത്. പ്രത്യേകിച്ച് നാലാംവർഷ ഓണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് അവരുടെ പ്രവർത്തനത്തിന് ഇന്റേൺഷിപ്പ് അനിവാര്യമായതിനാൽ സ്കിൽ എൻഹാൻസ്മെന്റിനും ഇന്റേൺഷിപ്പിനും അർഹരായ സ്ഥാപനങ്ങളുടെയും ഫേമുകളുടെയും എം-പാനൽഡായ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ കൗൺസിലിനെ നിയോഗിച്ചിട്ടുണ്ട്. എത്രയുംവേഗം ആ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്പോൾത്തന്നെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുന്നതിന് വലിയ ജാഗ്രതയാണ് റെപ്യൂട്ടഡായിട്ടുള്ള ഫേമുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. നിരവധി വിദ്യാർത്ഥികൾ

ഇത്തരത്തിലുള്ള ഇന്റേൺഷിപ്പുകൾ എടുക്കുന്നുണ്ട്. അതിന് ഒട്ടുംതന്നെ പരിമിതികളില്ല. നിലവിലുള്ള സാഹചര്യങ്ങൾ വിപുലപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സമീപകാലത്ത് സെക്കൻഡറി തലത്തിലെന്നപോലെ ഹയർ സെക്കൻഡറി തലത്തിലും ഞങ്ങളുടെ പ്രദേശത്ത് കുട്ടികൾ ധാരാളമായി വിജയിച്ചുവരികയാണ്. അവർക്ക് തുടർന്നുപഠിക്കാനായി കോഴ്സുകളില്ലാത്ത ഒരു സാഹചര്യമുണ്ട്. തിരൂരിലെ തുഞ്ചൻ മെമ്മോറിയൽ കോളേജിലേക്ക് പുതിയ കോഴ്സുകൾക്ക് അപേക്ഷ നൽകിയിട്ട് വർഷങ്ങളായെങ്കിലും ഇതുവരെയും അനുവദിച്ചിട്ടില്ല. അവിടെ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കാൻ തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, പുതിയ കോഴ്സുകൾ അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്ന മുറയ്ക്ക് തിരൂർ തുഞ്ചൻ മെമ്മോറിയൽ കോളേജിന്റെ വിഷയവും പരിഗണിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, പുതിയ കോളേജുകൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നയരേഖകളും സമീപനങ്ങളും മാനദണ്ഡങ്ങളും എന്താണ്?

ഡോ. ആർ. ബിന്ദു: സർ, പുതിയ കോളേജുകൾ ഗവൺമെന്റ് തലത്തിൽ ആരംഭിക്കുന്നതിന് ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല. നയപരമായ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, വിദേശരാജ്യങ്ങളിൽ തൊഴിൽ സാധ്യതകൾ ധാരാളമായി വളർന്നുവരികയാണ്. യൂറോപ്പ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലെല്ലാം ജോലിസാധ്യതകൾ സ്വായത്തമാക്കണമെങ്കിൽ വിദേശഭാഷ പഠിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ കേരള സർവ്വകലാശാലകളുൾപ്പെടെയുള്ള സർവ്വകലാശാലകളിൽ ബിരുദാനന്തര കോഴ്സുകൾക്ക് വിദേശ ഭാഷാപഠനം ഐച്ഛികവിഷയമായുണ്ടെങ്കിലും ബിരുദപഠനം മുതൽ വിദേശ ഭാഷാപഠനം ഐച്ഛികവിഷയമായി തിരഞ്ഞെടുക്കാനുള്ള അവസരമൊരുക്കാനും അതിന്റെ സാധ്യത പ്രയോജനപ്പെടുത്താനും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, വിദേശ ഭാഷാപഠനത്തിന് വലിയ പ്രാധാന്യം നൽകുന്ന ഒരു സന്ദർഭമാണിത്. ഇപ്പോൾ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമ്പോൾ മൈനർ വിഷയങ്ങളെന്ന നിലയ്ക്ക് വിദേശഭാഷകൾ തിരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരം വിദ്യാർഥികൾക്ക് ലഭിക്കുന്നതാണ്. തങ്ങളുടെ കലാലയങ്ങളിൽനിന്നുമാത്രമല്ല മറ്റ് കലാലയങ്ങളിൽനിന്നും സർവ്വകലാശാലകളിൽനിന്നും അതുപോലെ ഓൺലൈൻ കോഴ്സുകളെന്ന നിലയ്ക്കും കുട്ടികൾക്ക് വിദേശ ഭാഷാപഠനത്തിന് സൗകര്യമുണ്ടാകുന്നതാണ്. അതിന് ക്രെഡിറ്റുകളും ലഭിക്കുന്നതാണ്. അതോടൊപ്പം അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പോലെയുള്ള ഏജൻസികൾ ഒട്ടനവധി വിദേശഭാഷകളിലും സ്കിൽ കോഴ്സുകളിലും പ്രാവീണ്യം നൽകുന്നുണ്ടെന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കിഫ്ബിയുടെ ഫണ്ടുവന്നതോടുകൂടി ഗവൺമെന്റ് കോളേജുകൾക്ക് കെട്ടിടങ്ങളൊക്കെയായിട്ടുണ്ട്. എന്നാൽ പല ഗവൺമെന്റ് കോളേജുകൾക്കും ആവശ്യമായ സ്ഥലവും കളിക്കളവും നല്ലൊരു ഗ്രൗണ്ടുപോലുമില്ലാത്ത അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ ഗവൺമെന്റ്

കോളേജുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി ഗവൺമെന്റ് കോളേജിന്റെ ഒരു ഫയൽ അങ്ങോട്ടുമിങ്ങോട്ടുമായി തട്ടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാമോ?

ഡോ. ആർ. ബിന്ദു: സർ, കൊണ്ടോട്ടി ഗവൺമെന്റ് കോളേജിന്റെ വിഷയം പ്രത്യേകമായി പരിശോധിച്ച് മറുപടി പറയാം. ഇപ്പോൾ ഗവൺമെന്റ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വലിയ രീതിയിൽ വർദ്ധിപ്പിക്കുന്നതിന് കിഫ്ബി ധനസഹായം ഉൾപ്പെടെയുള്ള സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് നല്ല ഇന്റർവെൻഷൻസ് നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗംതന്നെ അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽത്തന്നെ നിരവധി പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രൗണ്ടുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ നടപടി

3(*273) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കാനുള്ള നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ വൈദ്യുത ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, (എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യെ സ്വയം പര്യാപ്തമാക്കുന്നതിന് സ്വീകരിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. <u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u>

പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിജയകരമായി നടന്നുവരുന്നു. ആയത◌ുപ്രകാരം ജൂൺ മാസത്തെ (01-06-2024 മുതൽ 21-06-2024 വരെ) വരുമാനം 5,06,662/- രൂപയാണ്. വരുമാന വിവരം അനുബന്ധമായി ചേർക്കുന്നു.+

2. <u>ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP</u>)

ആരംഭിച്ച് കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

3. <u>മിനി ഫീഡർ ഓർഡിനറി സർവീസ്</u>

സാമൂഹിക പ്രതിബദ്ധതയുള്ള റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും നഷ്ടം ഒഴിവാക്കുവാനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം മിനി ബസ്സുകൾ വിജയകരമായി നടന്നുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

കൂടുതൽ ഡിമാന്റുള്ള ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓടുന്ന ഡീസൽ ബസ്സുകൾക്ക് പകരം പുതിയ വലിപ്പം കുറഞ്ഞ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

5. റൂട്ട് പുനഃക്രമീകരണം

ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മലയോര സർവ്വീസുകൾ എന്നീ വിഭാഗങ്ങളെ ബാധിക്കാതെ റൂട്ടുകളും ട്രിപ്പുകളും വിശദമായി പരിശോധിച്ച് dead kilometer പരമാവധി ഒഴിവാക്കി ഷെഡ്യൂൾ/ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുുവരികയാണ്.

6. ഇലക്ട്രിക് ബസ്സുകളുടെ പുനഃക്രമീകരണം

ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഈ ബസ്സുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. വരുമാനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

7. ഗ്രാമവണ്ടി

ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. 2024 മെയ് വരെ 23 ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ച് യാത്രാസൗകര്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

8. സമുദ്ര

വനിതാ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ അനുവദിച്ച് യാത്രാസൗകര്യം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

9. ക്യാഷ്ലെസ്സ് ട്രാൻസാക്ഷൻ

സൂപ്പർ ക്ലാസ് ബസ്സുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനവും തിരുവനന്തപുരം സിറ്റി സർവ്വീസുകളിൽ സ്മാർട്ട് ട്രാവൽ കാർഡ് സംവിധാനവും ഏർപ്പെടുത്തിയതുവഴി ക്യാഷ്ലെസ്സ് ഡിജിറ്റൽ ട്രാൻസാക്ഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

10. വിദ്യാർത്ഥി കൺസഷൻ

യാത്രാ കൺസഷനുവേണ്ടി ഡിപ്പോകളിലുണ്ടാകുന്ന തിരക്കും കാലതാമസവും ഒഴിവാക്കുന്നതിന് വിദ്യാർത്ഥി കൺസഷൻ 2024 അധ്യയനവർഷം മുതൽ ഓൺലൈൻ ആക്കിയിട്ടുണ്ട്.

11. കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ

പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകി മികവുറ്റ ലൈസൻസ് അനുവദിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ബസുകളുടെ നവീകരണം

സ്ലീപ്പർ ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന മിന്നൽ ബസ്സുകൾ കൂടുതൽ നവീകരിച്ച് സർവ്വീസ് നടത്തിവരുന്നു. ബസ്സുകളുടെ ഓഫ് റോഡ് 500-ലേക്ക് എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലും വീതി കുറഞ്ഞ റോഡുകളിലും സർവ്വീസ് നടത്തുന്നതിന് ചെറിയ ബസ്സുകൾ നിരത്തിലിറക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

യാത്രക്കാർക്കുള്ള ക്രമീകരണം

യാത്രക്കാർക്ക് ബസ് കാത്തിരിക്കുന്നതിന് യോഗ്യമായ കാത്തിരിപ്പ് സ്ഥലം സജ്ജമാക്കും. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ പബ്ലിക് ടോയ്‌ലെറ്റുകൾ ഒരു ഏജൻസിയെ ഏൽപ്പിച്ച് പുനരുദ്ധാരണം നടത്തി ഉപയോഗപ്രദമാക്കുന്നതാണ്.

ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും വാടകയ്ക്ക് നൽകിയും ഹോർഡിംഗ് സ്ഥാപിക്കുന്നതിന് LED Display സ്ഥാപിച്ച് പരസ്യം നടത്തുന്നതുവഴിയും ടിക്കറ്റേതര വരുമാനം വർധിച്ചിട്ടുണ്ട്.

കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി.

Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ഡിപ്പോകളിലും ബസുകളിലും ആരംഭിച്ചു.

ഡിപ്പോകളിൽ നിലവാരമുള്ള Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബഡ്ജറ്റ് ടൂറിസം

കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും IRCTC, ലക്ഷദ്വീപ് ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവയുമായി സഹകരിച്ച് ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാർ നടപടികൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളിൽ യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മെയ് മാസം മുതൽ ആരംഭിച്ചു.

പദ്ധതി വിഹിതം

കെ.എസ്.ആർ.ടി.സി.-ൽനിന്നും കെ.ടി.ഡി.എഫ്.സി.-ക്ക് നൽകുവാനുള്ള ദീർഘകാലത്തെ വായ്പ കുടിശ്ശിക ഒടുക്കിത്തീർക്കുന്നതിനായി 625 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിരുന്നു. വായ്പ കുടിശ്ശിക ഒടുക്കിത്തീർത്തതുവഴി കെ.എസ്.ആർ.ടി.സി.-യുടെ ക്രെഡിറ്റ് റേറ്റിംഗ് 'C-Stable' കാറ്റഗറിയിലേക്ക് ഉയർത്തുവാൻ കഴിഞ്ഞു. ഇപ്രകാരം ക്രെഡിറ്റ് റേറ്റിംഗ് ഉയർന്നതുവഴി 450 കോടി രൂപയുടെ ദീർഘകാല തിരിച്ചടവുള്ള

അധിക വായ്പ അനുവദിച്ചുനൽകുന്നതിന് കൺസോർഷ്യം ബാങ്കുകൾ സന്നദ്ധത അറിയിക്കുകയുണ്ടായി.

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പ വിഹിതമായും പദ്ധതി വിഹിതമായും യഥാക്രമം 900 കോടി രൂപയും 128.54 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പതിപ്പിക്കുന്നതുവഴിയും ബസ് സ്റ്റാന്റിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും ഹോർഡിംഗ് സ്ഥാപിക്കുന്നതുവഴിയും LED Display സ്ഥാപിച്ച് പരസ്യം നടത്തുന്നതുവഴിയും ടിക്കറ്റേതര വരുമാനം വർധിച്ചിട്ടുണ്ട്.

Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ഡിപ്പോകളിലും ബസുകളിലും ആരംഭിച്ചു.

യാത്രക്കാർക്കും പൊതുജനങ്ങൾക്കും ഡിപ്പോകളിൽ നിലവാരമുള്ള Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ 14 ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ രീട്ടെയിൽ ഔട്ട്‌ലെറ്റുകളും 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്.

കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും IRCTC, ലക്ഷദ്വീപ് ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവയുമായി സഹകരിച്ച് ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പദ്ധതിക്കും അന്തിമരൂപം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

കൊറിയർ ആൻഡ് ലോജിസ്റ്റിക് സംവിധാനം 15-06-2023 മുതൽ ആരംഭിച്ചു.

(സി) ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവും ഇലക്ട്രിക് ബസ്സുകളുടെ വില ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലായതിനാലും കൂടുതൽ വൈദ്യുത ബസുകൾ വാങ്ങുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇലക്ട്രിക് ബസുകളുടെ പ്രവർത്തനം സംബന്ധിച്ച വരവ് ചെലവ് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തുന്നതിനായി

മുടങ്ങിക്കിടന്നിരുന്ന ശമ്പള പരിഷ്കരണം 2022 ജനുവരി മാസം മുതൽ അനുവദിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം ഒറ്റ ഗഡുവായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

1. ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.
2. അവശത അനുഭവിക്കുന്ന ജീവനക്കാർക്ക് വേഗത്തിലും സുതാര്യമായും അർഹതപ്പെട്ട ആയാസരഹിത ജോലിയും കാറ്റഗറി മാറ്റവും നടപ്പിലാക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വന്തമായി മെഡിക്കൽ ബോർഡ് രൂപീകരിച്ചു.

ഇത്തരത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ജീവനക്കാരുടെ സഹകരണം ഉറപ്പുവരുത്തി പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എറണാകുളത്ത് കല്ലട ബസ് മറിഞ്ഞ് ഒരു ബൈക്ക് യാത്രക്കാരൻ മരിച്ച സംഭവത്തിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി തന്നെ സഭയിൽ പറഞ്ഞത് ബോഡി നിർമ്മാണ കോഡിൽ മാറ്റം വരുത്തിയതാണ് അപകടകാരണം എന്നാണ്. ഈയവസരത്തിൽ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ കോഴിക്കോട് എടപ്പാൾ, ആലുവ, മാവേലിക്കര, പാപ്പനംകോട് വർക്ക്ഷോപ്പുകളെ ആധുനികവത്കരിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനോടൊപ്പം കേന്ദ്രസർക്കാരിന്റെ ബോഡി കോഡ് അനുസരിച്ചുള്ള ബോഡികൾ സ്വകാര്യ ടൂറിസ്റ്റ് ബസ്സുകൾ എന്നിവയുൾപ്പെടെ നിർമ്മിച്ചുനൽകി കോർപ്പറേഷന് വരുമാനം കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, എറണാകുളത്ത് മറിഞ്ഞ ബസ് കേരളത്തിൽ ബോഡി നിർമ്മിച്ചതോ രജിസ്ട്രേഷൻ ചെയ്തതോ ആയ വാഹനമല്ല. നാഗാലാൻഡിലും അരുണാചൽ പ്രദേശിലും രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളാണ് ബോഡി കോഡ് മാറ്റുന്നത്. കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന

വാഹനങ്ങൾക്ക് ഇതുവരെയും ആൾട്ടറേഷൻ അനുവദിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ ബോഡി നിർമ്മാണം മുൻപ് ഉണ്ടായിരുന്നെങ്കിലും ചെലവേറിയതും ലാഭകരമല്ലാത്തതും ആയതിനാലാണ് കാലാകാലങ്ങളായി അത് നിർത്തിക്കൊണ്ടുവരുന്നത്. അത് പുനരാരംഭിക്കണമെങ്കിൽ അനേകം ആളുകളെ പുതുതായി നിയോഗിക്കണം. നിലവിലുള്ള മെക്കാനിക്കുകൾ പോലും കെ.എസ്.ആർ.ടി.സി.-ക്ക് പര്യാപ്തമാകുന്നില്ല. അതുകൊണ്ട് ഈ സന്ദർഭത്തിൽ അതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കില്ല. കേരളത്തിൽ നിർമ്മിച്ച ഒരു ബോഡിയും ബോഡി കോഡ് തെറ്റിക്കാറില്ല.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, 15 വർഷം പഴക്കമുള്ള വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്രനയം നടപ്പിലാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ഏകദേശം 1600 ബസ്സുകൾ പൊളിക്കേണ്ടിവരുമെന്ന് സർക്കാർ കണക്കുകളിൽനിന്ന് മനസ്സിലാകുന്നു. എന്നാൽ, നമ്മുടെ സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും അംഗീകൃത പൊളിക്കൽ കേന്ദ്രങ്ങൾ ഇല്ല. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇത്രയും വാഹനങ്ങൾ എത്തിച്ച് പൊളിക്കൽ സാക്ഷ്യപത്രം വാങ്ങുന്നതും പ്രായോഗികമല്ല. നിലവിൽ കേന്ദ്രസർക്കാർ ഈ

മേഖലയിൽ പ്രഖ്യാപിച്ച 150 കോടി രൂപയുടെ സബ്സിഡി ലഭിക്കണമെങ്കിൽ അംഗീകൃത പൊളിക്കൽ കേന്ദ്രങ്ങൾ നൽകുന്ന സാക്ഷ്യപത്രം ആവശ്യമാണ്. ഈ പ്രതിസന്ധി മറികടക്കുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കേന്ദ്രനയത്തിന്റെ ഭാഗമായി 15 വർഷം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ പൊളിക്കേണ്ടതുണ്ട്. ആരോഗ്യവകുപ്പിൽ മാത്രം ഏകദേശം 860-865 വാഹനങ്ങൾ പൊളിക്കേണ്ടിവരും. വാഹനങ്ങൾ പൊളിക്കുമ്പോൾ അതിലെ ജീവനക്കാർ തൊഴിൽരഹിതരാകും. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ മാത്രമായി 15 വർഷം പഴക്കമുള്ള ഏകദേശം 46-ഓളം വാഹനങ്ങൾ പൊളിക്കാനുണ്ട്. പൊളിക്കാനുള്ള നടപടി നീണ്ടുപോയെങ്കിലും 150-ഓളം കോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് ഇനിയും ലഭിക്കാനുണ്ട്. അത് പൊളിക്കൽ പ്രക്രീയ തുടങ്ങിയാലെ ലഭിക്കുകയുള്ളൂ. ഏതാനും ദിവസങ്ങൾക്കുള്ളിൽ 15 വർഷം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ പൊളിക്കാനുള്ള ഓപ്പൺ ടെൻഡർ

വിളിക്കാൻ പോകുകയാണ്. അതിൽ പരിചയസമ്പന്നരായവരെ കണ്ടെത്തി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് നിന്ന് ബംഗളൂരുവിലേയ്ക്ക് ദിനംപ്രതി ഏഴ് വർഷം പഴക്കമുള്ള ഒരു ഡീലക്സ് ബസ് സർവ്വീസ് നടത്തുന്നുണ്ട്. എക്സ്പ്രസ്സ് ബസ്സിന്റെ നിറം മാറ്റിയെന്നല്ലാതെ ഡീലക്സ് ബസ്സിന്റെ സൗകര്യമോ സംവിധാനമോ ആ ബസ്സിന് ഇല്ല. ഒരു എ.സി. സ്ലീപ്പറോ എ.സി. സെമി-സ്ലീപ്പറോ ബസ് ബംഗളൂരുവിലേയ്ക്ക് സർവ്വീസ് ആരംഭിച്ചാൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കാൻ സാധിക്കും. കാസർഗോഡ് ടൗണിലാണ് ബസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്. തുളുനാട് കോംപ്ലക്സ് എന്നാണ് അത് അറിയപ്പെടുന്നത്. അവിടെ ധാരാളം മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. കാസർഗോഡ് നഗരത്തിൽ ധാരാളം സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയെ നമ്മുടെ കോംപ്ലക്സിലേയ്ക്ക് മാറ്റിയാൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം വിശദമാക്കാമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, എ.സി. ബസ്സുകൾ വാങ്ങാൻ ആലോചനയുണ്ട്. അത് വരുന്നമുറയ്ക്ക് കാസർഗോഡ്-ബംഗളൂരു ഡീലക്സ് ബസ് മാറ്റുന്നതാണ്. കാലാവസ്ഥയും യാത്രക്കാരുടെ യാത്രാ സങ്കൽപവും മാറുന്ന സാഹചര്യത്തിൽ കൂടുതലും എ.സി. ബസ്സുകളിലേയ്ക്ക് നമ്മൾ മാറേണ്ടതുണ്ട്. സ്ലീപ്പർ ബസ്സുകളും സെമി-സ്ലീപ്പർ ബസ്സുകളും വാങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാധ്യമെങ്കിൽ അതിനുമുൻപുതന്നെ പ്രസ്തുത ബസ് മാറ്റിത്തരാനുള്ള നടപടി സ്വീകരിക്കാം.

തുളുനാട് കോംപ്ലക്സിലെ കെട്ടിടങ്ങളെക്കുറിച്ച് അന്വേഷിച്ചപ്പോൾ രണ്ടാംനിലയിലെ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. പലപ്പോഴും കെ.എസ്.ആർ.ടി.സി.-യുടെ കൺസ്ട്രക്ഷൻ ആരംഭിക്കുന്നത് 2016-2017-ലും പൂർത്തിയാക്കുന്നത് 2024-ലും ആയിരിക്കും. അത്തരത്തിൽ പൂർത്തിയാകുമ്പോൾ പലയിടത്തും ഉദ്ഘാടനങ്ങൾ നടക്കാറുണ്ട്. പാവപ്പെട്ട സാധാരണക്കാരിൽനിന്ന് കടയ്ക്കുള്ള അഡ്വാൻസ് തുക വാങ്ങുകയും ചെയ്യും. എന്നാൽ കടയ്ക്ക് നമ്പർ കൊടുക്കാറില്ല. പത്തനംതിട്ട, മൂവാറ്റുപുഴ, ഹരിപ്പാട്, തൊടുപുഴ എന്നിവിടങ്ങളിൽ ഇത്തരം പ്രശ്നമുണ്ട്. അന്നത്തെ

കെട്ടിടനിർമ്മാണ നിയമങ്ങളല്ല ഇപ്പോഴുള്ളത്. വളരെക്കാലം നിർമ്മാണം നീണ്ടുപോയിട്ടും തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായത്. മൂന്നുനാല് ആഴ്ചകൾക്കുള്ളിൽ അവ നമ്പറിട്ട് വാങ്ങാനുള്ള അടിയന്തരശ്രമങ്ങൾ നടത്തുന്നുണ്ട്. കാസർഗോഡ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളും തുളുനാട് കോംപ്ലക്സിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് 2016 ജനുവരി രണ്ടാം തീയതി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തറക്കല്ലിട്ടതാണ്. എട്ടുവർഷമായിട്ടും അതിന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. അന്ന് 7,90,000 രൂപ അതിന് അനുവദിക്കുകയും പണി നടത്തുകയും ചെയ്തു. അതിനുശേഷം അധികാരത്തിൽ വന്ന രണ്ട് മന്ത്രിമാരും ഡിപ്പോ സന്ദർശിച്ച് അതിന്റെ പ്രധാന്യം ബോധ്യപ്പെട്ടെങ്കിലും 90,00,000 രൂപ മാത്രമാണ് അനുവദിച്ചത്. കെട്ടിടത്തിന്റെ ഒരുനിലയുടെ പ്രവൃത്തി

പുരോഗമിക്കുകയാണ്. എം.എൽ.എ. ഫണ്ടിൽനിന്ന് രണ്ടുകോടി രൂപ ഞാൻ നൽകിയിട്ട് ഒരു വർഷം കഴിഞ്ഞു. ഒരിക്കൽ ടെൻഡർ ചെയ്യുകയും ആ ടെണ്ടർ എന്തോ കാരണം പറഞ്ഞ് ക്യാൻസൽ ചെയ്യുകയും ചെയ്തു. കരാറുകാരൻ വർക്ക് തുടങ്ങിയതിനുശേഷമാണ് ക്യാൻസൽ ചെയ്തത്. വീണ്ടും ടെണ്ടർ ചെയ്തെങ്കിലും ഇതുവരെ വർക്ക് തുടങ്ങിയിട്ടില്ല. എം.എൽ.എ. ഫണ്ട് കൊടുത്തിട്ടുപോലും അത് വേണ്ട രീതിയിൽ വിനിയോഗിക്കാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകുന്നില്ല എന്നതാണ് നിലവിലുള്ള സ്ഥിതി. കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 5 കോടി രൂപ ഇതിനുവേണ്ടി പ്രഖ്യാപിച്ചിരുന്നു. അദ്ദേഹത്തോട് ഞാൻ നന്ദി പറയുകയാണ്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ച് പണി പൂർത്തീകരിക്കാനുള്ള എസ്റ്റിമേറ്റ് പോലും തയ്യാറാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഈ വിഷയം പലതവണ ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പൊതുമരാമത്ത്

വകുപ്പുമന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്തിരുന്നു. യാതൊരു സെന്റേജ് ചാർജ്ജുമില്ലാതെ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ഡിവിഷൻ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ വർക്കുകളും ഏറ്റെടുത്ത് ചെയ്യാൻ തീരുമാനിച്ചു. ഒരു കാരണവശാലും കെ.എസ്.ആർ.ടി.സി.യുടെ കാലതാമസം കൊണ്ട് യാതൊരു പ്രവൃത്തികളും മുടങ്ങില്ല. എം.എൽ.എ.-മാർ മാസംതോറും നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ഉദ്യോഗസ്ഥരെ വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യാൻ സാധിക്കും. കെ.എസ്.ആർ.ടി.-ക്ക് സിവിൽ വിംഗ് ആവശ്യമില്ലാത്തതിനാൽ അത് അവസാനിപ്പിച്ചു. വണ്ടിയോടിക്കാൻ വന്നവർ വണ്ടി ഓടിച്ചാൽ മതിയാകും. കോംപ്ലക്സിന്റെ വിഷയം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിൻപ്രകാരം പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സിന്റെ ചീഫ് എഞ്ചിനീയറിന് നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ കൺസ്ട്രക്ഷൻ ഏറ്റെടുത്ത കോൺട്രാക്ടർ തന്നെ കോംപ്ലക്സിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതായിരിക്കും. അതിന്റെ സൂപ്പർവിഷനും ബില്ല് തയ്യാറാക്കുന്നതുമെല്ലാം പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ആയിരിക്കും.

ബഹുമാനപ്പെട്ട അംഗം ചെലവാക്കിയ 2 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ച 5 കോടി രൂപയും പ്രയോജനപ്പെടുത്തി അങ്ങയോട് കൂടിയാലോചിച്ച് പി.ഡബ്ല്യൂ.ഡി.-യെ കൊണ്ടുതന്നെ ഡിസൈൻ തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. അവിടെ സന്ദർശനം നടത്താൻ ഞാൻ വരില്ല. ഉദ്ഘാടനത്തിന് വരുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കാസർഗോഡ്-മംഗലാപുരം അന്തർസംസ്ഥാന നോട്ടിഫൈഡ് റൂട്ട് കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിസന്ധിക്കിടയിലും മികച്ച വരുമാനം തരുന്ന റൂട്ടാണ്. അവിടെ കൂടുതൽ അന്തർസംസ്ഥാന ബസ്സുകൾ നിരന്തരമായി ആവശ്യപ്പെടുന്നുണ്ട്. അത് ലഭ്യമായാൽ ഇനിയും ഈ പ്രതിസന്ധിക്കിടയിൽ ലാഭം വർധിപ്പിക്കാൻ കഴിയും. എന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്തെ മംഗൽപാടി പഞ്ചായത്തിലെ കുക്കാറിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവിടെ ഒരു ബസ് സ്റ്റോപ്പ് അനുവദിക്കാൻ മൂന്ന് വർഷമായി മന്ത്രിക്ക് നിവേദനം നൽകിക്കൊണ്ടിരിക്കുകയാണ്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ഗോവിന്ദ പൈ കോളേജിന്റെയും ലാ കോളേജിന്റെയും

മുൻപിൽ സ്റ്റോപ്പ് അനുവദിക്കാനായി നിവേദനം നൽകിയിരുന്നു. കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ പ്രസ്തുത ലിമിറ്റഡ് സ്റ്റോപ്പ് അനുവദിച്ചാൽ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിക്കുമെന്നാണ് പറയുന്നത്. ആ പ്രദേശത്തെ എം.എൽ.എ. എന്ന നിലയിൽ അത് ലാഭകരമാണെന്ന് ഞാൻ പറയുന്നു. മറ്റുള്ള ജില്ലകളിൽനിന്ന് വരുന്ന ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ.ടി.സി.-യെ തകർക്കാനുള്ള ലക്ഷ്യമാണോ ഇത്. കപ്പലിനകത്ത് കള്ളന്മാരുണ്ടോയെന്ന് അങ്ങ് പരിശോധിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, എല്ലാ ദേശസാൽകൃത റൂട്ടുകളും ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. പ്രൈവറ്റ് ബസ്സുകാരുമായി മത്സരിച്ച് ഇരുകൂട്ടരും തോൽക്കുകയാണ്. 2001-ൽ ഞാൻ ആദ്യം മന്ത്രിയാകുമ്പോൾ കേരളത്തിൽ 27,000 പ്രൈവറ്റ് ബസ്സുകൾ ഉണ്ടായിരുന്നു. അയ്യായിരത്തോളം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉണ്ടായിരുന്നതിൽ നാലായിരത്തോളം എണ്ണമാണ് സർവ്വീസ് നടത്തിയിരുന്നത്. ഇന്ന് പ്രൈവറ്റ് ബസ്സുകളുടെ എണ്ണം 8000-ൽ താഴെ മാത്രമാണ്. അനേകർക്ക് തൊഴിൽ

നഷ്ടപ്പെട്ടു, സർക്കാരിന് നികുതി നഷ്ടപ്പെട്ടു. ഒരു വ്യവസായ മേഖല തന്നെ തകരുന്ന സാഹചര്യമുണ്ടായി. എല്ലാ വാഹനങ്ങളും ഒരേ റൂട്ടിൽതന്നെ സർവ്വീസ് നടത്തിയാൽ അതിന്റെ പ്രയോജനം ആർക്കും ലഭിക്കില്ല. അതുകൊണ്ട് ദേശസാൽകൃത റൂട്ടുകളിൽ കൂടുതൽ വാഹനങ്ങൾ നൽകുന്നതായിരിക്കും. ഫാസ്റ്റ് പാസഞ്ചർ എക്സ്പ്രസ് ബസ്സുകൾക്ക് കോളേജിനുമുന്നിൽ സ്റ്റോപ്പിന് പകരം, റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ആലോചിക്കാം. യാത്രക്കാർക്ക് ഇറങ്ങാനോ കയറാനോ ആവശ്യപ്പെടുകയോ കൈ കാണിക്കുകയോ ചെയ്താൽ നിർത്തിക്കൊടുക്കാനുള്ള സംവിധാനം ചെയ്യുന്നതാണ്. എല്ലാ വാഹനങ്ങൾക്കും വെറുതെ അവിടെ നിർത്താൻ കഴിയില്ല. ഓർഡിനറി ബസ്സുകളിൽ കുട്ടികൾ ധാരാളമായി കയറും, അവർക്ക് കൺസെഷൻ കൊടുക്കേണ്ടിവരും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ച ചെയ്ത് നടപടി സ്വീകരിക്കാം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ഡിപ്പോകളാണ് വികാസ് ഭവനും പേരൂർക്കടയും. പേരൂർക്കട ഡിപ്പോയുടെ നവീകരണത്തിന് 5 കോടി രൂപ ബഡ്ജറ്റിൽ

അനുവദിച്ചിട്ടുണ്ട്. അതിന്റെ തുടർപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പ്രസ്തുത വിഷയം എം.എൽ.എ.-യുമായി കൂടിയാലോചിച്ച് അദ്ദേഹത്തിന്റെ താൽപര്യങ്ങളും ആഗ്രഹങ്ങളും ജീവനക്കാരുടെയും യാത്രക്കാരുടെയും സൗകര്യങ്ങളും കണക്കിലെടുത്തുകൊണ്ട് 5 കോടി രൂപ വിനയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഒരാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, എം.എൽ.എ. ഫണ്ടിൽനിന്നും ഒന്നര കോടി രൂപ വിനിയോഗിച്ച് ശാസ്താംകോട്ട ടൗണിൽ ഗ്യാരേജും ബസ് ഡിപ്പോയും ഓഫീസും പണിഞ്ഞിരുന്നു. അന്ന് അത് ഓപ്പറേറ്റിംഗ് സെന്ററായിരുന്നു. വർഷങ്ങൾക്കുമുമ്പ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എൻ. ശക്തൻ ഓപ്പറേറ്റിംഗ് സെന്ററിന്റെ ഉദ്ഘാടനത്തിന് വന്നപ്പോൾ അതിനെ സബ് ഡിപ്പോയായി പ്രഖ്യാപിച്ചു. പക്ഷേ സബ് ഡിപ്പോ അനുവദിക്കണമെങ്കിൽ കെട്ടിടം വേണമായിരുന്നു. എം.എൽ.എ. ഫണ്ടിൽ

നിന്നും കെട്ടിടം പണിഞ്ഞുകൊടുത്തു. ഗ്യാരേജ് വേണമെന്ന് പറഞ്ഞപ്പോൾ ഒരു കോടി രൂപ ചെലവഴിച്ച് ഗ്യാരേജും പണിതു. ഇപ്പോൾ ഓപ്പറേറ്റിംഗ് സെന്ററുമില്ല, സബ് ഡിപ്പോയുമില്ലാത്തൊരു സ്ഥിതിയാണ് വന്നിരിക്കുന്നത്. കുന്നത്തൂർ മണ്ഡലത്തിൽ ക്യാൻസൽ ചെയ്ത സബ് ഡിപ്പോ പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് വളരെ നന്നായി അറിയാം. എങ്കിലും, ഇനിയും എം.എൽ.എ. ഫണ്ട് ഉപയോഗിക്കണമെങ്കിൽ ഉപയോഗിക്കാം. സബ് ഡിപ്പോ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലമാണ്. അതിൽ ബിൽഡിംഗ് നിർമ്മിച്ചത് ശരിയാണ്. പക്ഷേ ഞാൻ വകുപ്പുമന്ത്രിയായി വരുന്നതിനുമുമ്പുതന്നെ കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് ചുരുക്കലിന്റെ ഭാഗമായി സബ് ഡിപ്പോകളും അനാവശ്യമായ ഓപ്പറേറ്റിംഗ് സെന്ററുകളും നിർത്തിയിരുന്നു. അത് വലിയ ചെലവായതുകൊണ്ടാണ് നിർത്തിയത്.

കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് നിർത്തിയത് നല്ല നടപടിയാണ്. നിലവിൽ സബ് ഡിപ്പോ തുടങ്ങാൻ സാധിക്കുമോയെന്ന് അറിയില്ല. പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യ്ക്ക് എഴുതിത്തരാമെങ്കിൽ ഒരു യാത്രാ ഫ്യൂവൽസ് തുടങ്ങിക്കൊണ്ട് അവിടെ ബസുകൾക്ക് വരാനും പോകാനുമുള്ള സംവിധാനമുണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ താൽപ്പര്യംകൂടി സംരക്ഷിച്ചുകൊണ്ടായിരിക്കും അങ്ങനെ ചെയ്യുന്നത്. ഈ സ്ഥലം ടൗണിലാണ്. ഒരു പെട്രോൾ പമ്പ് ഉണ്ടാകും. അത് എപ്പോൾ വേണമെങ്കിലും തുടങ്ങാൻ തയ്യാറാണ്. പഞ്ചായത്തിന്റെ സ്ഥലം കെ.എസ്.ആർ.ടി.സി.യ്ക്ക് ട്രാൻസ്ഫർ ചെയ്ത് തന്നാൽ തീർച്ചയായിട്ടും ചെയ്യാം. സബ് ഡിപ്പോ എന്നതിനപ്പുറം വണ്ടികൾ വന്നുപോകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം. ആ റൂട്ടിൽ പ്രൈവറ്റ് ബസുകളുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. ബസുകൾ ശക്തിപ്പെടുത്താനുള്ള ആലോചനയുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, കെ.എസ്.ആർ.ടി.സി. ഇപ്പോൾ ശമ്പളം നൽകുന്നത് രണ്ട് ദിവസങ്ങളായിട്ടാണ്. ജീവനക്കാർക്ക് ഒരു ദിവസം അത്

കൃത്യമായി കൊടുക്കുന്ന സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അടിയന്തരമായി നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, തീർച്ചയായിട്ടും ഗവൺമെന്റിന്റെ ലക്ഷ്യംതന്നെ ഒരു ദിവസംകൊണ്ട് ശമ്പളം കൊടുക്കുകയെന്നുള്ളതാണ്. കാരണം, കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധിക്കൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളിലായി സർക്കാരാണ് ശമ്പളം നൽകുന്നത്. സർക്കാർ ഖജനാവിൽ പണം വരുന്നമുറയ്ക്ക് രണ്ട് ഗഡുക്കളായി മാത്രമേ കൊടുക്കാൻ കഴിയുന്നുള്ളൂ. ഇപ്പോഴും ഒരുമിച്ച് കൊടുക്കാൻ കഴിയുന്ന സാഹചര്യം ഖജനാവിലില്ല. എങ്കിലും, അതിന് കൃത്യമായ ഒരു തീയതി നിശ്ചയിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒരു യോഗം വിളിച്ചിരുന്നു. ഞാനും ധനകാര്യവകുപ്പുമന്ത്രിയും അതിൽ പങ്കെടുത്തിരുന്നു. അന്ന് തീരുമാനമെടുത്തിരിക്കുന്നത് കൃത്യമായി ശമ്പളം കൊടുക്കുന്നതിനുള്ള നടപടിയെടുക്കാമെന്നാണ്. ഒരുമാസം അല്ലെങ്കിൽ ഒന്നര മാസത്തിനുള്ളിൽ കൊടുക്കുന്നതിന് ബാങ്കുകളുമായി ചർച്ച നടക്കുകയാണ്. ബാങ്കുകൾ വഴി ഓവർ ഡ്രാഫ്റ്റ് എടുത്ത് ശമ്പളം നൽകാനാണ് ഉദ്ദേശിക്കുന്നത്. ബാങ്കുകളിൽ നിന്നും

ലോൺ എടുക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഏതാണ്ട് 650-ഓളം കോടി രൂപ അനുവദിച്ച് കെ.ടി.ഡി.എഫ്.സി.-യെയും കെ.എസ്.ആർ.ടി.സി.-യെയും കേരള ബാങ്കിനെയും രക്ഷപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. 'ഡി' കാറ്റഗറിയിൽ നിന്നും മാറി 'സി' കാറ്റഗറിയിലേയ്ക്ക് വന്നിട്ടുണ്ട്. കുറച്ച് കണക്കുകൾകൂടി കൊടുക്കാനുണ്ട്. അത് കൊടുത്തുകഴിഞ്ഞാലുടൻ ബി മൈനസിലേയ്ക്ക് വരും. അങ്ങനെ വന്നുകഴിഞ്ഞാൽ നമുക്ക് പണമെടുക്കാനും അതുവച്ച് തൊഴിലാളികളുടെ ശമ്പളം ഒന്നാം തീയതി തന്നെ ഒറ്റ ഗഡുവായി കൊടുക്കത്തക്ക രീതിയിലുള്ള നടപടി മുഖ്യമന്ത്രി സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നതായിരിക്കും.

ശ്രീ. മാത്യു ടി. തോമസ്: സർ, കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് അങ്ങയ്ക്ക് നല്ലതുപോലെ അറിയാം. നമ്മുടെ പ്രധാനപ്പെട്ട പ്രശ്നം സർവീസ് ഇതര ചെലവുകളാണ്. ഇത്തരം ചെലവുകൾക്ക് സർവീസ് ഇതര വരുമാനമുണ്ടാക്കാൻ

ലക്ഷ്യമിട്ടുകൊണ്ട് പല പദ്ധതികളും കെ.എസ്.ആർ.ടി.സി. നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് കെ.ടി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.റ്റി അടിസ്ഥാനത്തിൽ എന്റെ മണ്ഡലമായ തിരുവല്ലയിൽ അടക്കം ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതത്. അവിടെയുണ്ടാക്കിയ വ്യവസ്ഥ അനുസരിച്ച് ആദ്യ മാസം മുതൽത്തന്നെ 50 ശതമാനം വരുമാനം കെ.എസ്.ആർ.ടി.സി.-യ്ക്ക് അടയ്ക്കണമായിരുന്നു. പക്ഷേ തിരുവല്ലയിലടക്കം പല സ്ഥലങ്ങളിലും മുറികൾ വാടയ്ക്കുപോകുന്നില്ല. നിരക്കുകൾ വളരെ വർദ്ധിച്ചുനിൽക്കുന്നു. ആ നിരക്കുകൾ യുക്തിസഹമാക്കി മുറികൾ വാടയ്ക്ക് പോയി നല്ലരൂപത്തിൽ വരുമാനമുണ്ടക്കത്തക്കവണ്ണം ഒരു പാക്കേജ് അങ്ങ് ആലോചിച്ച് നടപ്പിലാക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. തിരുവല്ലയും തിരുവനന്തപുരത്തെ തമ്പാനൂരും അടക്കം വളരെ നല്ല സ്ഥലങ്ങൾ കൊടുക്കാൻ കഴിയാതെ കിടക്കുകയാണ്. അതിന്റെ പ്രധാന കാരണം, വലിയൊരു തുകയാണ്. ടെണ്ടറിൽ പങ്കെടുക്കണമെങ്കിൽത്തന്നെ ഒരു ലക്ഷം രൂപ വേണ്ടിവരും.

സാധാരണക്കാരനായ ഒരു വ്യാപരിക്ക് ഒരിക്കലും ഇത്തരത്തിൽ ഒരു സ്ഥാപനമെടുത്ത് വിജയിപ്പിക്കാൻ കഴിയില്ല. അവിടെ ബാർ നടത്താനും കഴിയില്ല. ലാഭം കിട്ടുന്ന ഒരു കച്ചവടവും അവിടെ വേറെ കാണുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ടെലിസ്കോപ്പിക്ക് സംവിധാനം അതായത് കുറഞ്ഞ ചെലവിൽ കുറഞ്ഞ പൈസയ്ക്ക് ആദ്യമെ കൊടുത്തുകൊണ്ട് ഇത് ഫില്ലാക്കുകയെന്നുള്ളതാണ്. ഫില്ലാകാത്തതുകൊണ്ട് മറ്റുകടകളിലും ആരുമില്ല. നിറച്ച് കടകളുണ്ടെങ്കിൽ എല്ലാപേരുംവരും. തിരുവല്ലയിൽ ധാരാളം സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. പക്ഷെ ടോയിലറ്റ് മാത്രം നശിപ്പിച്ചുകളഞ്ഞു. അത് പുന:ക്രമീകരിക്കാൻവേണ്ടി ഒരു സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ടോയിലറ്റ് പരിഷ്ക്കരിക്കും. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള കേരളത്തിലെ മൊത്തം ടോയിലറ്റുകളും പരിഷ്ക്കരിക്കും. അതിന്റെ വിശദവിവരങ്ങൾ പിന്നീട് സൂചിപ്പിക്കാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചെറിയ വിലയിൽ എടുത്തുകൊണ്ട് മാസങ്ങൾ കഴിയുമ്പോൾ കച്ചവടം വിജയിച്ചുവരുമ്പോൾ വാടക കൂടികൂടി വരുന്ന തരത്തിൽ കൊടുത്താൽ മാത്രമേ ഇത് കിട്ടുകയുള്ളൂ. അതിനെപ്പറ്റി ആലോചനയുണ്ട്. തീർച്ചയായിട്ടും പരമാവധി കടകൾ

കൊടുത്തുതീർക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പ്രാദേശികമായി എടുക്കാൻ സാധ്യതയുള്ളവരോട് അങ്ങ് കൂടി റെക്കമെന്റ് ചെയ്താൽ തീർച്ചയായിട്ടും കൊടുക്കാൻ കഴിയും.

ഡോ. മാത്യു കുഴൽനാടൻ: സർ, കഴിഞ്ഞ ദിവസം ഏഴ് മണിക്ക് മൂവാറ്റുപുഴ ബസ് സ്റ്റാന്റിൽ ഇറങ്ങിയ ഒരു ലേഡി എന്റെ മൊബൈലിൽ വിളിച്ചിട്ട് അവിടെ ശൗചാലയ സൗകര്യമില്ലായെന്ന് പറഞ്ഞു. വർഷങ്ങളായി അവിടെ യൂറിൻ ഷെഡുകൾ വർക്ക് ചെയ്യാത്ത അവസ്ഥയാണ്. കെ.എസ്.ആർ.ടി.സി. എല്ലാ പണിയും പൂർത്തിയാക്കി അവിടെയെല്ലാം പിടിപ്പിച്ചു. കള്ളൻമാർ അതെല്ലാം ഇളക്കികൊണ്ട് പോയി. കഴിഞ്ഞ ദിവസം ഞാൻ 30000 രൂപ മുടക്കി അതെല്ലാം തിരിച്ചുപിടിപ്പിച്ച് വാതിലിട്ട് പൂട്ടിയിട്ടുണ്ട്. അവിടെ ഒരു ക്യാമറ ഘടിപ്പിച്ചാൽ ഇതെല്ലാം കൊണ്ടുപോകുന്നത് ആരാണെന്ന് അറിയാൻ കഴിയും. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ ഇപ്പോൾ പിടിപ്പിച്ച യൂറിൻ ഷെഡ് പ്രവർത്തനക്ഷമമാക്കുന്നതിന് എന്റെ ഫണ്ടിൽനിന്ന് നാല് കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിനാൽ മൂവാറ്റുപ്പുഴ ബസ് സ്റ്റാന്റിന് ശാപമോക്ഷം കിട്ടാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പ്രസ്തുത വിഷയത്തിൽ നേരത്തെ സൂചിപ്പിച്ച പഞ്ചായത്ത് നമ്പറിട്ട് കിട്ടാത്ത പ്രശ്നങ്ങൾ, പണി പൂർത്തിയായില്ലായെന്നുള്ള ശ്രമങ്ങൾ, ചട്ടം മാറിയതിന്റെ പ്രശ്നങ്ങൾ, ഇതൊക്ക അതിനെ ബാധിച്ചിട്ടുണ്ട്. പക്ഷേ അദ്ദേഹം സൂചിപ്പിച്ച ടോയ്‌ലെറ്റിന്റെ കാര്യത്തിൽ ഞങ്ങൾ ഒരു തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിലെ നശിച്ചുകിടക്കുന്ന എല്ലാ ടോയിലറ്റുകളും 'സുലഭ്' എന്ന ഏജൻസിയെ ഏൽപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അവർതന്നെ അത് മെയിന്റനൻസ് ചെയ്തതിനുശേഷം മെയിന്റയിൻ ചെയ്തുപോകുന്നതാണ്. ഇപ്പോൾ ആലുവ ഡിപ്പോയിൽ പുതിയ ടോയിലറ്റാണുള്ളത്. അത് തുറന്ന് കൊടുത്തിട്ടില്ല, തുറന്ന് കൊടുത്താൽ ആകെ നാശമാക്കും. അതിനുമുമ്പെ അത് ആ ഏജൻസിക്ക് കൈമാറാമെന്ന് വിചാരിക്കുകയാണ്. അവർ പൊളിഞ്ഞുകിടക്കുന്നതെല്ലാം നന്നാക്കും. അവർ വന്ന് 20 എണ്ണം എടുക്കാമെന്ന് പറഞ്ഞു. ഏറ്റെടുക്കാൻ അവർക്ക് പേടിയാണ്. പൈന്റ് കുടിച്ചിട്ട് കാലികുപ്പി എടുത്തുകൊണ്ടുപോയി ക്ലോസറ്റിനകത്തിട്ട് വെള്ളം ഒഴിച്ചുകളയുകയും. അത് അവിടെ കയറി അടയും. എന്നിട്ട് അവർതന്നെ മുൻസിപ്പാലിറ്റിക്ക് പരാതി കൊടുക്കും. അതായത്

ഇപ്പോൾ എടുത്തിരിക്കുന്ന ആളുകളോടുള്ള വൈരാഗ്യം തീർക്കുന്നതാണ്. ഇപ്പോൾ പുഴുത്ത് കിടക്കുമ്പോൾ ആർക്കുമൊരു പരാതിയുമില്ല. അത് നന്നാക്കാമെന്ന് പറഞ്ഞാൽ എല്ലാവർക്കും ഉടനെ പരാതി കൊടുക്കണം. അതൊരു ശരിയായ ഏർപ്പാടല്ല. തീർച്ചയായിട്ടും ആലുവയെ ഉൾപ്പെടുത്തിയതുപോലെ മൂവാറ്റുപുഴയെയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തി പരിഹരിക്കാം. അത് ആർക്കെങ്കിലും കൊടുത്താൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ചിലപ്പോൾ പത്ത് രൂപ കൂടുതൽ കിട്ടുമായിരിക്കും. പക്ഷെ ജനങ്ങൾക്ക് വേണ്ടത് ഫെസിലിറ്റിയാണ്. പൊതുഗതാഗതത്തിൽ നിന്ന് അകന്നുപോയ ജനങ്ങൾ ടോയിലറ്റ് ഇല്ലായ്മ, നല്ല ഭക്ഷണം കിട്ടായ്മ, വണ്ടിയ്ക്കകത്തെ അസൗകര്യങ്ങൾ, ജീവനക്കാരുടെ ചില മോശം പെരുമാറ്റങ്ങൾ, ഇതെല്ലാം കൊണ്ടാണ് മനുഷ്യൻ ഇതിൽനിന്ന് അകന്നത്. കോവിഡോടുകൂടി എല്ലാവരും സ്വന്തമായി കാറും സ്കൂട്ടറും വാങ്ങി. ആ ഒരു കാരണംകൂടിയുണ്ട്. അവരെ തിരിച്ച് ഈ ബസ്സിലേയ്ക്ക് കൊണ്ടുവരണമെങ്കിൽ നല്ല ഫെസിലിറ്റി കൊടുക്കണം. ധൈര്യസമേധം അവിടെ പോകുമ്പോൾ നല്ല ടോയിലറ്റുണ്ട്, കൊട്ടാരക്കര ഇറങ്ങി ടോയിലറ്റ് ഉപയോഗിക്കാമെന്ന് ചിന്തിക്കാനുള്ള ഒരു മാനസികാവസ്ഥ ജനങ്ങൾക്കില്ല.

അതുണ്ടാക്കാനുള്ള നടപടി കൃത്യമായി സ്വീകരിക്കും. എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച നാല് കോടി രൂപ വിനിയോഗിച്ച് പ്ലാൻ ചർച്ച ചെയ്ത് നമുക്ക് ഉടൻതന്നെ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സിനെകൊണ്ട് വർക്ക് ചെയ്യിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ മുൻ മന്ത്രി ശ്രീ. ആന്റണി രാജു വളരെയേറെ സഹായിച്ചതിന്റെയും എം.എൽ.എ. ഫണ്ടിൽനിന്ന് രണ്ട് കോടി രൂപ അനുവദിച്ചതിന്റെയും ഫലമായാണ് പ്രവർത്തനക്ഷമമാക്കിയത്. പക്ഷേ കെട്ടിടത്തിന് നമ്പർ ഇടാത്ത പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞദിവസം എന്നെ വിളിക്കുകയുണ്ടായി. അവിടെ കടമുറികളൊന്നും വാടകയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മുൻമന്ത്രി ഇടപെട്ടതിനുശേഷം ഒരു ബാങ്ക് അവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കടകൾ പോകാൻ നിരതദ്രവ്യം വളരെ കൂടുതലാണ്. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളോട മുൻകൈയെടുക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിൽ നിരതദ്രവ്യംതന്നെ വളരെ കൂടുതലാണ്. സാധാരണ തിരവല്ല, ഹരിപ്പാട്

പോലുള്ള സ്ഥലങ്ങളിൽ വൻവാടകയ്ക്ക് മുറിയെടുക്കാൻ കച്ചവടക്കാർ സഹകരിക്കില്ല. അതുകൊണ്ട് നിരതദ്രവ്യം കുറച്ചുകൊണ്ട് സാധാരണകച്ചവടക്കാർക്ക് അതെടുക്കാൻ കഴിയത്തക്ക നിലയിൽ പുന:സംവിധാനം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അദ്ദേഹം സൂചിപ്പിച്ചത് ശരിയാണ്. തൊട്ടുമുൻപത്തെ ചോദ്യത്തിന് മറുപടിയായി നിരതദ്രവ്യം കൂടുതലാണെന്ന് ഞാൻ പറഞ്ഞിരുന്നു. ആ തുക കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത കെ.എസ്.ആർ.ടി.സി. ബോർഡ് യോഗത്തിൽ അത് അജണ്ടായി വയ്ക്കും. ബോർഡ് തീരുമാനിക്കണം. അത് സാധാരണക്കാരിന് അഫോഡബിളായിട്ടുള്ള ഒരു എമൗണ്ടിലേയ്ക്ക് കൊണ്ടുവരും. ഏറ്റവും വലിയ പ്രശ്നമെന്നത്, ഈ അടുത്തകാലത്തായി കെ.എസ്.ആർ.ടി.സി. സി.എം.ഡി.-യെ കേരളം മുഴുവൻ അയച്ചിരുന്നു. അദ്ദേഹം ഒരു റൗണ്ട് പോയി വന്നപ്പോൾ കണ്ടത് നമ്മുടെ കൈവശമുള്ള നമ്പറിട്ടതും ഇടാത്തതുമായ 65 ശതമാനം കടകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്നതാണ്. ടിക്കറ്റ് ഇതര വരുമാനമുണ്ടാകണമെന്ന് ട്രേഡ് യൂണിനുകളും എം.എൽ.എ.-മാരും മറ്റും പറയുമ്പോൾ, ടിക്കറ്റിതര വരുമാനം

കിട്ടാൻ സാധ്യതയുള്ള അറുപത്തിനാല് അറുപത്തിയഞ്ച് ശതമാനം കടകളും ഒഴിഞ്ഞുകിടക്കുകയാണ്. അത് കിട്ടിയാൽതന്നെ മാസംതോറും കോടിക്കണക്കിന് രൂപ കിട്ടും. അതുകൊണ്ട് അക്കാര്യത്തിൽ മൂന്നാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുത്ത് ടെണ്ടർ ചെയ്യും. വലിയ എമൗണ്ട് ചോദിച്ച് ആളുകളെ ഓടിക്കുന്ന പരിപാടിയില്ല. അത് ന്യായമായി ചെയ്യാനായി തീരുമാനമെടുത്തിട്ടുണ്ട്. ഹരിപ്പാടിന്റെ കാര്യത്തിൽ നമ്പറിട്ട് കിട്ടാനുള്ള പ്രയാസമാണുള്ളത്. അവിടെ മഴ പെയ്തപ്പോൾ താഴ്ന്ന നിലമുഴുവനും വെള്ളം കെട്ടിപോയി. അതിന് പരിഹാരം കാണണം. വിഷയം എന്റെ ശ്രദ്ധയിലുണ്ട്. ഞാൻ അവിടെ വരുന്നുണ്ട്. ഏതെങ്കിലും എഞ്ചിനീയറിംഗ് ടെക്നോളജി ഉപയോഗിച്ചുമാത്രമേ വെള്ളം അടിച്ചുകളയാൻ കഴിയുകയുള്ളൂ.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കെ.എസ്.ആർ.ടി.സി.- ഡിപ്പോയോട് അനുബന്ധിച്ച് ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ലാഭകരമാകുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ യാത്രാ ഫ്യൂവൽസ് തുടങ്ങിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന 23 സ്ഥലങ്ങളിൽ ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങുകയാണ്. അത് കെ.എസ്.ആർ.ടി.സി.-യ്ക്ക് ലാഭവുമായിരിക്കും, അതുപോലെ സമൂഹത്തിന് നൽകുന്ന ഏറ്റവും വലിയ സംഭാവനയുമായിരിക്കും. കേരളത്തിൽ വണ്ടി ഓടിക്കാൻ അറിയാവുന്ന ഏറ്റവും നല്ല ഡ്രൈവിംഗ് ലൈസൻസ് ഉടമകളെ സൃഷ്ടിക്കാൻ ഈ സ്ഥാപനത്തിന് കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി.-യ്ക്ക് മുടക്കാൻ പണമില്ല. എം.എൽ.എ ഫണ്ടോ, സർക്കാരിന്റെ പ്ലാൻ ഫണ്ടോ ഉണ്ടെങ്കിൽ തീർച്ചയായിട്ടും ഒരു ദിവസംപോലും വൈകാതെ പദ്ധതികൾ വളരെ വേഗത്തിൽ നടപ്പിലാക്കും. ഇപ്പോൾ കൊട്ടാരക്കര ബസ്‌സ്റ്റേഷൻ പൊളിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ മണ്ഡലമാണത്. അദ്ദേഹം പണം മാറ്റിവച്ചിട്ടുണ്ട്. അദ്ദേഹവുമായി ആലോചിച്ച് പ്ലാൻ ഫൈനലൈസ് ചെയ്തിട്ടുണ്ട്. ഉടൻതന്നെ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് അത് പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കും.

ശ്രീമതി കെ. കെ. രമ : സർ, വടകര നിയോജകമണ്ഡലത്തിൽ നേരത്തെ ഒരു ഇൻഫർമേഷൻ സെന്റർ ഉണ്ടായിരുന്നു. അന്വേഷണ കേന്ദ്രവും ടിക്കറ്റ് റിസർവേഷൻ കേന്ദ്രവും ഉണ്ടായിരുന്നു. ഇപ്പോൾ അത് പൊളിച്ചുമാറ്റിയിരിക്കുകയാണ്. അവിടെ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഒരേക്കറോളം ഭൂമി സ്വന്തമായിട്ടുണ്ട്. നിലവിൽ അവിടെ അടിസ്ഥാനപരമായ സൗകര്യങ്ങളൊന്നുമില്ല. ഈ ഇൻഫർമേഷൻ സെന്റർ പുന:സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ബഹുമാനപ്പെട്ട എല്ലാ എം. എൽ.എ.-മാരോടും അവരവരുടെ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്കാവശ്യമായ കുറച്ച് കമ്പ്യൂട്ടറുകൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് ഞാൻ അയച്ചിരുന്നു. എല്ലാവരും വളരെ പോസിറ്റീവായിട്ട് അത് നൽകാം എന്ന് സമ്മതിച്ചിരുന്നു. പ്രത്യേക ഉത്തരവ് നൽകിയിട്ടില്ല. ഉത്തരവ് ഇറങ്ങിയത് മാറിപ്പോയി. പലപ്പോഴായി വാങ്ങിയാൽ ഇതിന്റെ ഗ്യാരന്റിയും മെയിന്റനൻസും മറ്റും പ്രയാസമാകും. ഇന്ന് ഞാൻ ധനകാര്യമന്ത്രിയ്ക്ക് കത്ത് കൊടുത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ

എം.ഡി. തന്നെ മുഴുവൻ പർച്ചേസ് ചെയ്യുന്ന വിധത്തിൽ ഒരു ഉത്തരവ് ഇന്നോ നാളെയോ ഇറക്കുന്നതാണ്. അത് കിട്ടിക്കഴിഞ്ഞാൽ മൂന്നു മാസത്തിനകം കമ്പ്യൂട്ടറൈസേഷൻ ആകും. കൂടാതെ ആറ് മാസത്തിനുള്ളിൽ ടോട്ടൽ ടിക്കറ്റിന്റെ സംവിധാനം മാറും. ക്യാഷ് ലെസ് ഓപ്പറേഷൻസും (ക്യാഷ് കൊടുത്തും പോകാം) ജി.പി.എസ്. കറക്ട് ചെയ്തുകൊണ്ട്, ശ്രീമതി. രമ മാഡം പറഞ്ഞതുപോലെ, താങ്കളുടെ അടക്കമുള്ള സ്റ്റേഷനുകളിൽ ഡിഡ്പ്ലേ ബോർഡുകളും റെയിൽവേയിൽ ഉള്ളതുപോലുള്ള ഓട്ടോമാറ്റിക്കായി വണ്ടികളുടെ അവൈലബിലിറ്റിയും വണ്ടികൾ വരുന്ന സമയവും അനൗൺസ് ചെയ്യും. മാത്രമല്ല, എല്ലാവരുടെയും മൊബൈലിൽ വിവിധ ആപ്പുകളിലൂടെ നമ്മൾ പോകാൻ ആഗ്രഹിക്കുന്ന റൂട്ടിലെ ബസ്സുകൾ, ബസ്സിലെ സീറ്റിന്റെ കണ്ടീഷൻ, റിസർവ് ചെയ്യാനുള്ള സൗകര്യങ്ങൾ എല്ലാമുള്ള ആപ്പുകൾ പുറത്തിറക്കും. ആറു മാസത്തിനുള്ളിൽ കേരളത്തിലെ കെ.എസ്.ആർ.ടി.സി സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്ത് വേറൊരു സിസ്റ്റത്തിലേക്ക് മാറും.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, കേരളത്തിന്റെ എല്ലാ പ്രദേശത്തും കെ.എസ്.ആർ.ടി.സി-യ്ക്ക് വളരെ കണ്ണായ സ്ഥലത്ത് ഭൂമിയുണ്ട്. ആ ഭൂമി

പൂർണ്ണമായും കൃത്യമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത്തരത്തിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലങ്ങൾ ഏറ്റവും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഇത്തരം സ്ഥലങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി ഫിഫ്കോൺ എന്ന സ്ഥാപനത്തെക്കൊണ്ട് ഒരു പഠനം നടത്തുകയും ടെണ്ടർ വിളിക്കുകയും ചെയ്തു. പല സ്ഥലങ്ങളും ചൂണ്ടിക്കാണിച്ചെങ്കിലും, വളരെ വാല്യൂബിൾ ആയിട്ടുള്ള സ്ഥലങ്ങളായിരുന്നു അവ. ഏറ്റവും വിലകൂടിയ സ്ഥലമാണ് പെരിന്തൽമണ്ണയിലുള്ളത്. ഈ സ്ഥലങ്ങളെല്ലാം ടെണ്ടർ ചെയ്തപ്പോൾ കൊല്ലത്തേക്ക് മാത്രമാണ് ഒരാൾ വന്നത്. അതുകൊണ്ട് ഞങ്ങളത് വേണ്ടായെന്ന് വയ്ക്കുകയും ഒന്നുകൂടി ടെണ്ടർ ചെയ്യുകയുമാണ്. കൊല്ലത്ത് നല്ലൊരു ഹോട്ടൽ പണിയാം. നവകേരള സദസ്സ് നടന്നപ്പോൾ ഞങ്ങൾ ആലോചിക്കുകയായിരുന്നു; ഒരുപാട് വി.ഐ.പി.-കൾ വന്നപ്പോൾ കിടക്കാൻ മുറിയുമില്ല, ഹോട്ടലുമില്ല. അതുകൊണ്ട് ടൂറിസവുമായി ബന്ധപ്പെടുത്തി നല്ലൊരു ഹോട്ടൽ സമുച്ചയം പണിയണം. തൊട്ടു മുമ്പിൽ

ബോട്ടുജെട്ടിയാണ്. ടൂറിസവുമായി ബന്ധപ്പെടുത്തി അത്തരം സമുച്ചയങ്ങൾ നിർമ്മിക്കാൻ എം.എൽ.എ.-മാരുടെ മനസ്സിൽ ആശയങ്ങളുണ്ടെങ്കിൽ, അവ നൽകിയാൽ തീർച്ചയായിട്ടും അത് പരിഗണിക്കും. എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചുകൊണ്ട് ടെണ്ടർ ക്ഷണിക്കാൻ പോകുകയാണ്.

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്

(*274) ശ്രീമതി കാനത്തിൽ ജമീല :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പി. നന്ദകുമാർ :
ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് ഒന്ന് മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് അവ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും ഇതിന്റെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി

<u>(ശ്രീ. വി. അബ്ദുറഹിമാൻ)</u> :

(എ&ബി) രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ എട്ടു വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 2022 മുതൽ നിർത്തലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ നൽകുന്നതിന് തീരുമാനിക്കുകയും ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 'മാർഗ്ഗദീപം' എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം

ബജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ വന്നതിനുശേഷം ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി ആകെ 6647.91 ലക്ഷം രൂപ അനുവദിക്കുകയും 59,509 ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 5346.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.

(ഡി) ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി മുന്നിൽ കണ്ടുകൊണ്ട് വകുപ്പ് മുഖേന എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ, പോളിടെക്നിക് ഡിപ്ലോമ, നഴ്സിംഗ് ഡിപ്ലോമ, പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്നവർക്കും, സിവിൽ സർവ്വീസ് പരിശീലനത്തിനും, പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്നവർക്കും ഫീസ് റീ-ഇമ്പേഴ്സ്മെന്റ് പദ്ധതികളും നൈപുണ്യപരിശീലന പദ്ധതികളും യു.ജി.സി./സി.എസ്.ഐ.ആർ. നെറ്റ് പരീക്ഷ പരിശീലന പദ്ധതിയും നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധം- II ആയി ചേർക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u> : സർ, ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പുതിയ സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ :</u> ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിൽ വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ട നിരാശ്രയരായിട്ടുള്ള സഹോദരിമാർക്കുംവേണ്ടിയുള്ള പദ്ധതിയാണ് 'സഹായഹസ്തം' പദ്ധതി. നല്ല രീതിയിൽ പ്രോജക്ടുകൾ അവതരിപ്പിക്കുന്നവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചുലക്ഷം രൂപവരെ വായ്പ നൽകുന്നുണ്ട്. ഏറ്റവും കൂടുതൽ സബ്സിഡിയും ഈ വിഭാഗത്തിന് നൽകുന്നുണ്ട്. പ്രസ്തുത പദ്ധതി നല്ല രീതിയിൽ നടപ്പാക്കിവരികയാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്?

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ ഐ.ടി.ഐ., ഐ.ടി.സി സ്കോളർഷിപ്പിപ്പ് പദ്ധതികളുടെ കീഴിൽ 2023-ൽ ആകെ 402 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്. 394.56 ലക്ഷം രൂപ ഐ.ടി.ഐ. റീ-ഇമ്പേഴ്സ്മെന്റ് സ്കീമിലും 7.43 ലക്ഷം കോടി രൂപ സർക്കാർ അംഗീകൃത ഏജൻസി മുഖാന്തരം നൈപുണ്യ പരിശീലനം നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 'അസാപ് ' മുഖാന്തരം ഐ.ടി.ഐ ഫിറ്റർ, വെൽഡർ, ഷീറ്റ് മെറ്റലിംഗ് തുടങ്ങിയ നിരവധി ട്രേഡുകളിൽ പരിശീലനത്തിനായി നല്ല രീതിയിൽതന്നെ പണം അനുവദിക്കുകയും അത് വലിയ തോതിൽ സ്വീകാര്യത നേടിയിട്ടുമുണ്ട്. ഈ സ്കീം പ്രകാരം പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് കൊച്ചിൻ ഷിപ്പിയാർഡിൽ പ്ലേസ്മെന്റ് കിട്ടിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ഇത്തരം സെന്ററുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പതിനൊന്ന് സെന്ററുകൾ കൂടി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ : സർ, ഐ.ഐ.ടി., ഐ.ഐ.എം. പോലുള്ള ഉന്നത പഠന സ്ഥാപനങ്ങളിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി നിലവിലുണ്ടോ; വിദേശ പഠനത്തിന് പോകുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായിട്ടുള്ള ചോദ്യമാണ് ഉന്നയിച്ചത്. കാലഘട്ടത്തിന് അനിവാര്യമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ന്യൂനപക്ഷ വകുപ്പ് മുൻകൈയെടുക്കുന്നുണ്ട്. വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്ന സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നിലവിലുണ്ട്. വിദേശ ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ ദേശസാൽകൃത ഷെഡ്യൂൾ ബാങ്കിൽനിന്നോ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽനിന്നോ എടുക്കുന്ന ലോണിന് പലിശയിനത്തിൽ വരുന്ന പണം ധനസഹായമായാണ് ഇപ്പോൾ നൽകുന്നത്. ഇതിൽ അഞ്ചു ലക്ഷം

രൂപ വരെയാണ് സ്കോളർഷിപ്പ് നൽകുന്നത്. അപേക്ഷകരുടെ കുടുംബവരുമാനം എട്ടുലക്ഷത്തിൽ താഴെ ആയിരിക്കണമെന്നുള്ള നിബന്ധനമാത്രമാണുള്ളത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക മുൻഗണന നൽകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 146.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.ടി.ഐ., ഐ.ഐ.എം. പോലുള്ള ഉന്നത പഠന കേന്ദ്രങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 35 വിദ്യാർത്ഥികൾക്കായി 17.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u> : സർ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനത്തിന്റെയും കരിയർ ഗൈഡൻസിന്റെയും ഭാഗമായി പ്രത്യേക പരിശീലന ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതികൾ എന്തെങ്കിലുമുണ്ടോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ :</u> സർ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, കോളേജ് തലത്തിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് പദ്ധതി ന്യൂനപക്ഷ വകുപ്പിന്റെകീഴിൽ നടപ്പാക്കിവരുന്നുണ്ട്. അത് വിദ്യാർത്ഥികളുടെ സമഗ്ര

വികസനത്തിനും നേതൃത്വപാടവം ആർജ്ജിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ സാധ്യതകൾ തിരിച്ചറിയുന്നതിനും സഹായിക്കുന്നു. ട്യൂണിംഗ്, ഫ്ലവറിംഗ്, എക്സ്പ്ലോറിംഗ് എന്നീ മൂന്നു വിഭാഗങ്ങളായി തരംതിരിച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഏകദിന ക്യാമ്പുകളും ഫ്ലവറിംഗ് റസിഡൻഷ്യൽ ക്യാമ്പുകൾ, എക്സ്പ്ലോറിംഗ് ഇന്ത്യൻ പര്യടനം തുടങ്ങി നിരവധി പദ്ധതികൾ നടക്കുന്നുണ്ട്. ഏറ്റവും വിജയകരമായി ഈ പദ്ധതികൾ നടന്നുവരികയാണ്. ഇനിയും കൂടുതൽ കുട്ടികൾക്ക് അവസരം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

-----------------------